# At The Feet Of
# Jesus
## (യേശുവിന്റെ പാദത്തിൽ)

## Mid-Summer HolyDays, 2018

Indian Church of Christ - Kerala Region
(Adapted from Denver Church of Christ)

തീയതി:

# 1. നിസ്വാർത്ഥ സേവനം

ലൂക്കോസ് 21:1–4, 1 കൊരിന്ത്യർ 13:13, ഫിലിപ്പിയർ 2:3–8

**മനഃപാഠമാക്കേണ്ട വചനം:** ഫിലിപ്പിയർ 2:3 *സ്വാർത്ഥതാത്പര്യത്താലോ വൃഥാഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠരെന്നു കരുതിക്കൊൾവിൻ.*

**പാഠസംഗ്രഹം:** നിസ്വാർത്ഥരാകുക എന്നതും സേവനംചെയ്യുക എന്നതും ദൈവത്തിന്റെ കണ്ണിൽ പ്രധാനപ്പെട്ട കാര്യങ്ങളാണ്. എന്നാൽ ചിലസമയങ്ങളിൽ നാം സേവനം ചെയ്യുന്നതിന്റെ തിരക്കിൽപെട്ട് ദൈവം ആഗ്രഹിക്കുന്ന മനോഭാവത്തോടെയാണോ ഞാൻ ഇതു ചെയ്യുന്നത് എന്നു പരിശോധിക്കാൻ മറന്നു പോകും. പ്രവർത്തികളുടെ തിരക്കിനിടയിൽ ഹൃദയം അവഗണിക്കുകയെന്നത് ശരിയായ കാര്യമല്ല.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

### പ്രവർത്തികൾ:

ലൂക്കോസ് 21:1–4

- സാമ്പത്തിക കാര്യങ്ങളിലുപരിയായി ശുശ്രൂഷചെയ്യുന്നവരാകണം നാമെന്നതാണ് ദൈവഹിതം. ഏതൊക്കെവഴികളിൽ നമുക്കു ദൈവത്തെ ശുശ്രൂഷിക്കാം?
- ശുശ്രൂഷയിൽനിന്നും നിങ്ങൾ പിൻവലിയുന്ന രീതികൾ ഏതൊക്കെയാണ്?
- ശരിയായ മനോഭാവത്തോടെ നിങ്ങൾ ചെയ്ത മൂന്നു സേവനങ്ങൾ എഴുതുക, ശരിയല്ലാത്ത മനോഭാവത്തോടെ ചെയ്ത മൂന്നെണ്ണവും.

### ഹൃദയം:

1 കൊരിന്ത്യർ 13:1–3

- വലിയ വിശ്വാസമോ സമർപ്പണമോ ത്യാഗമോ ഒക്കെ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടായാലും അതിനെ താങ്ങുന്ന ശരിയായ ഹൃദയമില്ലെങ്കിൽ ഈ വകകൊണ്ടു പ്രയോജനമുണ്ടാവില്ല. ദൈവം ആഗ്രഹിക്കുന്ന മനോഭാവം ഇല്ലാതെ നിങ്ങൾ ചിലപ്പോഴൊക്കെ ചെയ്യുന്ന പ്രവർത്തികൾ ഏതൊക്കെയാണ്?
- വാ 1–2, സ്നേഹമില്ലാത്ത പ്രവർത്തികൾ ശക്തിശൂന്യമാണ്. സ്നേഹമില്ലാതെ നിങ്ങൾ ചെയ്ത 5 സേവനങ്ങളെക്കുറിച്ച് ഓർക്കുക, ഏതു തരത്തിലുള്ള ഒരു അനുഭവമായിരുന്നു നിങ്ങൾക്കുണ്ടായത്?
- ഓരോ സേവനങ്ങൾ ചെയ്യുമ്പോഴും അതു ശരിയായ മനോഭാവത്തോടെയായിത്തീരാൻ നാം ചെയ്യേണ്ട പ്രായോഗിക കാര്യങ്ങൾ എന്തൊക്കെയാണ്?

### പിന്തുടരേണ്ട വഴികൾ:

ഫിലിപ്പിയർ 2:3–8

- വൃഥാഭിമാനം എന്നവാക്കിന്റെ അർത്ഥം പരിശോധിച്ചുനോക്കുക. വൃഥാഭിമാനത്തോടെ നിങ്ങൾ ചെയ്യുന്ന ചില കാര്യങ്ങൾ എന്തൊക്കെയാണ്? അഹങ്കാരത്തോടെ നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും പരിശോധിക്കുക.
- യേശുവിന്റെ മനോഭാവമുള്ളവരാകാൻ ഈ വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈ വചനത്തിലെ ഏതൊക്കെ കല്പനകളാണ് നിറവേറ്റാൻ പ്രയാസമായവ?

### പ്രായോഗികാഹ്വാനം:

- യേശു നല്കിയ കല്പനകളിൽ നിറവേറ്റാൻ പ്രയാസമുള്ളവയെന്നു മുകളിൽ നാം എഴുതിയ കാര്യങ്ങൾ മാതാപിതാക്കളുമായോ ശിഷ്യത്വം നല്കുന്നയാളുമായോ സംസാരിക്കുക. അവയെമറികടക്കാനുള്ള വഴികൾ ചോദിച്ചറിയുക. എഴുതിവച്ച് സജീവമായി പ്രവർത്തിക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 2. നന്ദി നിറഞ്ഞവർ

സങ്കീർത്തനം 136:1–26, കൊലോസ്യർ 3:17

**മനഃപാഠമാക്കേണ്ട വചനം:** സങ്കീർത്തനം 136:1 *യഹോവയ്ക്കു സ്തോത്രം ചെയ്‌വിൻ; അവിടുന്നു നല്ലവനല്ലോ; അവിടുത്തെ ദയ എന്നേക്കുമുള്ളത്.*

**പാഠസംഗ്രഹം:** നന്ദിയെക്കുറിച്ചും നന്ദി നിറഞ്ഞവരാകുന്നതിനെക്കുറിച്ചും അറിവുള്ളവരാകുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കൃതാർത്ഥതയെ ദൈവം കാണുന്നതെപ്രകാരമെന്നും അതു ദൈവത്തോടു പ്രദർശിപ്പിക്കുന്നതെപ്രകാരമെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. അതു നമ്മെ പഠിപ്പിക്കുകയെന്നത് ദൈവം നിശ്ചയിച്ചുവച്ചിരിക്കുന്ന ഒരു കാര്യവുമാണ്.

**ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:** താഴെനല്കിയിരിക്കുന്ന വചനങ്ങൾ വായിച്ചശേഷം ചോദ്യങ്ങൾക്കു മറുപടി എഴുതി പരിശോധിക്കുക.

സങ്കീർത്തനം 136:1–26

- നന്ദി എന്ന വാക്കിന്റെ അർത്ഥമെന്താണ്? നിങ്ങളുടെ ഉള്ളിൽ ഏറ്റവും നന്ദി നിറയുന്നത് എപ്പോഴാണ്?
- യുവജനതയെ നന്ദിനിറയുന്നവരാകുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നത് എന്തൊക്കെയാണ്?
- നന്ദിയില്ലാത്ത ഒരാളായി നിങ്ങൾ മാറുന്നത് എന്തിനാലൊക്കെയാണ്?
- കൃതജ്ഞത നിറഞ്ഞ ഒരു സങ്കീർത്തനമാണ് ഇത്. ദൈവത്തോടു തന്റെ കൃതജ്ഞത ദാവീദ് പ്രദർശിപ്പിക്കുന്നത് എന്തൊക്കെ കാരണങ്ങളാലാണ്?
- 26 തവണയോളം അവന്റെ സ്നേഹം എന്നന്നേക്കും നിലനിൽക്കുന്നു എന്ന് ഈ സങ്കീർത്തനത്തിൽ എഴുതിയിട്ടുണ്ട്. എന്തുകൊണ്ടായിരിക്കും ദാവീദ് ഇപ്രകാരം ചെയ്തത്? നിങ്ങൾക്ക് ഇപ്രകാരമുള്ള ഒരു തോന്നൽ ഉണ്ടായിട്ടുണ്ടോ?
- വാ 23. ഇതുപോലെയുള്ള ഒരു തോന്നൽ നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ആ സമയങ്ങളിൽ ദൈവം നിങ്ങളെ കരുതിയത് എപ്രകാരമാണ്?

കൊലോസ്യർ 3:17

- ചെയ്യുന്ന എല്ലാ കാര്യങ്ങളിലും നാം ദൈവത്തിനു നന്ദി കരേറ്റണമെന്നു പറയുന്നത് എന്തുകൊണ്ടാണ്?
- ദൈവത്തോടു നന്ദികരേറ്റാൻ കഴിയുന്ന ഏറ്റവും എളുപ്പമുള്ള ഒരുകാര്യം എന്താണ്?
- സദാ നന്ദിനിറഞ്ഞ ഒരു ഹൃദയം ഉണ്ടാവുക എന്നതിന്റെ അർത്ഥമെന്താണ്?

**പ്രായോഗികാഹ്വാനം:** ഇന്നേദിവസംതന്നെ നിറവേറ്റാനുള്ളതാണ് ഇവ!

- എന്തൊക്കെ കാര്യങ്ങളാൽ നിങ്ങൾ കുടുംബത്തോടു നന്ദിയുള്ളവരാണെന്ന് അവരോടു പറയുക.
- പുതിയ ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക.

തീയതി:

# 3. ദൈവത്തിനു പ്രയോജനമുള്ളവർ

സദൃശവാക്യം 12:24, 13:4, 2 തെസ്സലേനിക്യർ 3:6-12

**മനഃപാഠമാക്കേണ്ട വചനം:** കൊലോസ്യർ 3:23-24 *നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല, കർത്താവിനെന്നപോലെ ഹൃദയപൂർവ്വം ചെയ്വിൻ. അവകാശം എന്ന പ്രതിഫലം കർത്താവിൽനിന്നു ലഭിക്കുമെന്ന് അറിഞ്ഞുകൊൾവിൻ.*

**പാഠസംഗ്രഹം:** ഉപയോഗയോഗ്യമായ ഒരു ജീവിതം നയിക്കുവാനായിട്ടാണ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത്. കാര്യപ്രാപ്തിയോടെ ജോലിചെയ്യുവാനും, അതുവഴി നമ്മുടെ കാര്യങ്ങൾ നിറവേറ്റുക മാത്രമല്ല ദൈവത്തിനു മഹത്വമുണ്ടാകുവാനും നമ്മെ ഉദ്ബോധിപ്പിക്കുന്ന തിരുവചനങ്ങൾ നിരവധിയാണ്.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

സദൃശവാക്യങ്ങൾ 12:24, 13:4
- ഉത്സാഹിയായിരിക്കുന്നതിനാൽ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്?

- മടിയനായിരുന്നാൽ നമുക്കു സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

- കാര്യപ്രാപ്തിയോടെ നമ്മുടെ ജോലികൾ ചെയ്താൽ ജീവിതം കൂടുതൽ എളുപ്പമാകുന്നത് ഏതൊക്കെ വഴിയിൽ?

2 തെസ്സലോനിക്യർ 3:6-12
- ഫലപ്രദമായ ഒരു ജീവിതം നയിക്കുന്നതിന് നാം പരസ്പരം പ്രോത്സാഹിപ്പിക്കേണ്ടത് എന്തുകൊണ്ട്?
- നമ്മുടെ അലസത നമ്മുടെ ചുറ്റുമുള്ളവരെപ്പോലും ബാധിക്കുന്നതെപ്രകാരമാണ്?
- ക്രമംകെട്ട ഒരു ജീവിതം നയിക്കുന്നതിലൂടെ നാം മറ്റുള്ളവർക്കു കാണിക്കുന്ന മാതൃക എന്താണ്?

കൊലോസ്യർ 3:23-24
- എന്തെങ്കിലും കാര്യം പൂർണ്ണഹൃദയത്തോടെ ചെയ്യുക എന്നു പറയുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
- ഓരോ പ്രവർത്തിയും നാം ചെയ്യുന്നത് ദൈവത്തിനുവേണ്ടി ചെയ്യുന്നു എന്നരീതിയിൽ ആകണം എന്നാണ് ദൈവകല്പന. അപ്രകാരമാകുമ്പോൾ, ആരെങ്കിലും നമ്മോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടാൽ നമ്മുടെ പ്രതികരണം എപ്രകാരമാകണം?
- നമ്മുടെ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ജോലിദാതാവിന്റെയും അടുക്കൽ നാം എപ്രകാരം പെരുമാറണം?

## പ്രായോഗികാഹ്വാനം:
- സാധാരണയായി നാം അവഗണിച്ചുവിടുന്ന എന്തെങ്കിലും വീട്ടുജോലി ചെയ്തു വീട്ടുജോലിയിൽ പങ്കാളിയാകുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 4. വിശ്വാസത്തിൽ വളർച്ചപ്രാപിക്കൽ

എബ്രായർ 11:1–39, റോമാക്കാർ 10:17, സങ്കീർത്തനം 20:6–8

**മനഃപാഠമാക്കേണ്ട വചനം:** എബ്രായർ 11:1 *വിശ്വാസം എന്നതോ പ്രത്യാശിക്കുന്നവയുടെ ഉറപ്പും അദൃശ്യകാര്യങ്ങളുടെ നിശ്ചയവും ആകുന്നു.*

**പാഠസംഗ്രഹം:** കാണപ്പെടാത്ത കാര്യങ്ങളിൽ നമുക്കുള്ള ഉറപ്പാണ് വിശ്വാസമെന്ന് വചനം വ്യക്തമാക്കുന്നു. നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ വചനത്തിലൂടെ സ്വയം വെളിപ്പെടുത്തുക എന്നതാണ് യേശുവിന്റെ പദ്ധതി. കാണാത്ത ദൈവത്തിലും കാണാത്ത കാര്യങ്ങളിലും വിശ്വാസമർപ്പിക്കുക എന്നത് ശക്തിയാർജ്ജിക്കേണ്ടതിന് നമുക്ക് അനിവാര്യമാണ്. ദൈവവചനത്തോട് അടുത്തബന്ധവും അതിലെ വാഗ്ദാനങ്ങളിൽ ഉറച്ച വിശ്വാസവും ആ വചനങ്ങൾ മറ്റുള്ളവരോടു പങ്കുവയ്ക്കുവാനുള്ള താത്പര്യവും നേടിയെടുക്കുമ്പോൾ വിശ്വാസത്തിൽ നാം വളരുന്നതു നമുക്കു കാണാനാകും.

### ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

### ദൈവത്തെ കാണുന്നതല്ല, അവനിൽ ആശ്രയം വയ്ക്കുന്നതാണ് വിശ്വാസം:

എബ്രായർ 11:3

- ഈ കാണുന്നതെല്ലാം സൃഷ്ടിച്ചത് കാണപ്പെടാത്ത ഒരാളാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ദൈവത്തെ കണ്ടാൽ വിശ്വാസം വളരുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? (മത്തായി 16:3–5)
- ദൈവത്തിൽ വിശ്വാസമില്ലാത്തവരാണെങ്കിലും, ഭൂരിഭാഗം ഭൗമശാസ്ത്രജ്ഞരും കാണപ്പെടാത്ത ഒരുവനാലാണ് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് എന്നു സമ്മതിക്കുന്നവരാണെന്ന കാര്യം നിങ്ങൾക്കറിയാമോ? (Google: M-theory)
- ദൈവത്തിൽ ശ്രദ്ധിക്കാതെ, കാണുകയും എളുപ്പം മനസ്സിലാക്കുകയും ചെയ്യാവുന്ന കാര്യങ്ങളിൽ ശ്രദ്ധകാണിക്കാൻ നാം ഇഷ്ടപ്പെടുന്നത് എന്തുകൊണ്ടാണ്? കാണപ്പെടാത്ത ദൈവത്തിൽ നിന്നും മറഞ്ഞിരിക്കാൻ നമുക്കു കഴിയുമോ? (ഉല്പത്തി 3:8, സങ്കീർത്തനം 139:7–9)
- നമുക്കു കാണാനോ ഗ്രഹിക്കാനോ കഴിയാത്ത കാര്യങ്ങളിൽ നിന്നും സകലവും സൃഷ്ടിക്കാൻ ദൈവത്തിന് ആകുമെങ്കിൽ, അവനു ചെയ്യാൻ കഴിയുന്നതിന് എന്തെങ്കിലും പരിധിയുണ്ടോ?

### വചനം കേൾക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നതിലൂടെ വിശ്വാസം വളരുന്നു:

റോമാക്കാർ 10:17

- 1മുതൽ 10വരെയുള്ള ഒരു അളവുകോലിൽ ബൈബിളുമായി നിങ്ങൾക്കുള്ള ബന്ധത്തെ അളന്നാൽ നിങ്ങളുടെ അളവ് എത്രമാത്രമായിരിക്കും?
- ബൈബിൾ വായിക്കുന്നതിൽ എത്രമാത്രം സ്ഥിരതയുള്ളവരാണുനിങ്ങൾ? ഇതു നിങ്ങളുടെ വിശ്വാസത്തെ എപ്രകാരം സ്വാധീനിക്കുന്നു?
- നിങ്ങളുടെ വിശ്വാസത്തെ എപ്രകാരം വളർത്താമെന്നാണ് വചനം പ്രസ്ഥാവിക്കുന്നത്?

എബ്രായർ 11:1

- നിങ്ങളുടെ വിശ്വാസത്തിൽ എത്രമാത്രം ആത്മവിശ്വാസവും ഉറപ്പും അടങ്ങിയിട്ടുണ്ട്? എന്തുകൊണ്ട്?
- നിങ്ങൾ പതിവായി വിശ്വാസം പങ്കുവയ്ക്കുന്നുണ്ടോ? (ഇല്ലയെങ്കിൽ എന്തുകൊണ്ട്?) വിശ്വാസം പങ്കുവയ്ക്കുമ്പോൾ ഉറപ്പോടും ആത്മവിശ്വാസത്തോടും കൂടെയാണോ അതു ചെയ്യുന്നത്?

### വിശ്വാസം പ്രകടമാകുന്ന ഒരു കാര്യമാണ്:

എബ്രായർ 11:2–39

- ഇവർ ചെയ്തകാര്യങ്ങൾ വിശ്വാസത്താലാണു ചെയ്തതെന്ന് ലേഖകൻ ആവർത്തിച്ചു പറയുന്നു. വിശ്വാസമാണ് നമ്മെ ലക്ഷ്യത്തിലേക്കു നയിക്കുന്ന വാഹനം. പ്രവർത്തികളിലേക്കു നമ്മുടെ വിശ്വാസം നമ്മെ നയിക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കാത്തത് എന്തുകൊണ്ടാണ്? മനസ്സുകൊണ്ടു വിശ്വസിക്കുന്നതാണോ അതോ പ്രവർത്തികൊണ്ടു കാണിക്കുന്നതാണോ എളുപ്പം?

സങ്കീർത്തനം 20:6–8

- ജീവിതവിജയത്തെക്കുറിച്ച് നമുക്ക് എപ്രകാരം ഉറപ്പിക്കാനാകും?

### പ്രായോഗികാഹ്വാനം:

- ആരോടെങ്കിലും നിങ്ങളുടെ വിശ്വാസം പങ്കുവയ്ക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 5. നവമാധ്യമങ്ങളും സോഷ്യൽമീഡിയയും

ഗലാത്യർ 5:13–18, എബ്രായർ 12:1–3

**മനഃപാഠമാക്കേണ്ട വചനം:** 1 കൊരിന്ത്യർ 6:12 *എനിക്കെല്ലാം അനുവദനീയമാണ് എന്നാൽ എല്ലാം പ്രയോജനകരമല്ല. എനിക്കെല്ലാം അനുവദനീയമാണ് എന്നാൽ ഞാൻ ഒന്നിനും അധീനനാകുകയില്ല.*

**പാഠസംഗ്രഹം:** ഇലക്ട്രോണിക് ഉപകരണങ്ങളും സോഷ്യൽ മീഡിയയുമെല്ലാം നമ്മുടെ അനുദിനജീവിതത്തിന്റെ ഭാഗമായ ഒരു ആധുനികലോകത്തിലാണ് നാമിന്നു ജീവിക്കുന്നത്. സകല നിയന്ത്രണരേഖകളും മറികടക്കുന്ന തരത്തിലുള്ളവയാണ് ഈവക കാര്യങ്ങൾ. സോഷ്യൽമീഡിയയിൽ സജീവമായിരിക്കുന്നവരെക്കുറിച്ചു നടത്തുന്ന പഠനങ്ങൾ തെളിയിക്കുന്നത് അവരിൽ അസന്തുഷ്ടിയും ഏകാന്തതയും വിഷാദവും വിളറിയ സാമൂഹ്യബന്ധങ്ങളും അപര്യാപ്തമായ ആശയവിനിമയവും വർദ്ധിച്ചുവരികയാണെന്നാണ്. ആധുനിക സാങ്കേതികവിദ്യകൾ പരസ്പരം ബന്ധപ്പെടുകയെന്ന കാര്യം ആഘോഷമാക്കുന്നു, എന്നാൽ ഏകാന്തതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്നാണ് ഒരു ഗവേഷകൻ ചൂണ്ടിക്കാണിക്കുന്നത്. ഈവക കാര്യങ്ങളൊന്നും തെറ്റായതോ സാത്താന്യമായതോ അല്ലെങ്കിലും, പരിശോധിക്കാതെവിട്ടാൽ അവ നമ്മെ അടിമത്തത്തിലേക്കും ഏകാന്തതയിലേക്കും തള്ളിവിടുന്നു.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

### ഗലാത്യർ 5:13–18

- നാം സ്വതന്ത്രരായിരിക്കണമെന്നതാണ് ദൈവഹിതം. ഈ സ്വാതന്ത്ര്യത്തെ നമുക്ക് എപ്രകാരം നിർവ്വചിക്കാൻ കഴിയും? ദൈവത്തിന്റെ നിർവ്വചനം നിങ്ങളുടേതുപോലെതന്നെ ആയിരിക്കുമോ?
- സാധാരണഗതിയിൽ നാം സ്വാതന്ത്ര്യത്തെ എപ്രകാരമാണ് ഉപയോഗിക്കുന്നത്? എന്തുകൊണ്ടാണിത്?
- വാ 14–15. യഥാർത്ഥമായതും സ്നേഹപൂർണ്ണമായതുമായ ബന്ധങ്ങൾ പണിയപ്പെടുവാനാണ് ഈ സ്വാതന്ത്ര്യം നമുക്കു നല്കിയിരിക്കുന്നത്, മറ്റുള്ളവരെ കടിച്ചുകീറുകയും വിഴുങ്ങുകയും ചെയ്യാനല്ല. സോഷ്യൽ മീഡിയയിലായിരിക്കുമ്പോഴോ എസ്എംഎസ് അയക്കുമ്പോഴോ ഒക്കെ മറ്റുള്ളവരുടെ വികാരങ്ങളും പ്രതികരണങ്ങളുമെല്ലാം ശരിയായ രീതിയിൽ കാണുവാനും, മറ്റുള്ളവർ നാം പങ്കുവയ്ക്കുന്ന കാര്യങ്ങളോട് എപ്രകാരം പ്രതികരിക്കുന്നുവെന്നോ അവരെ അത് എപ്രകാരം ബാധിക്കുന്നുവെന്നോ മനസ്സിലാക്കുവാനും കഴിയുന്നില്ല. അതിനാൽ അടിച്ചേല്പിക്കൽ ഒരു പൊതുകാര്യമായി സോഷ്യൽ മീഡിയയിൽ പ്രകടമാകുന്നു. നിങ്ങളുടെ എസ്എംഎസും സോഷ്യൽ മീഡിയ കുറിപ്പുകളും എന്തിനെയാണ് ഓർമ്മപ്പെടുത്തുന്നത് – സ്നേഹത്തിലുള്ള ശുശ്രൂഷയാണോ അതോ കടിച്ചുകീറലും വിഴുങ്ങലുമാണോ? മറ്റുള്ളവർ നിങ്ങളുടെ പെരുമാറ്റത്തെക്കുറിച്ചു പറയുന്നത് എപ്രകാരമായിരിക്കും?
- കടിച്ചുകീറുകയും വിഴുങ്ങുകയും ചെയ്യുന്ന രീതിയിലുള്ള കാര്യങ്ങൾ നാം സ്ഥിരമായി കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ അതു നമ്മുടെ മനസ്സിനെയും ചിന്തകളെയും ബന്ധങ്ങളെയും എപ്രകാരം സ്വാധീനിക്കും?
- വാ 16. ആത്മാവിനെ അനുസരിച്ചു ജീവിക്കാൻ പൗലോസ് സകലരെയും ഉദ്ബോധിപ്പിക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം? നമ്മുടെ പാപരീതികളിൽനിന്നും മാറിനിൽക്കാൻ ഇതിനാൽ നമുക്ക് എങ്ങനെ കഴിയും?
- വാ 17–18. നമുക്കുമുന്നിൽ തിരഞ്ഞെടുക്കാനുള്ള വഴികളെക്കുറിച്ച് പൗലോസ് ഇവിടെസംസാരിക്കുന്നു. നാം ചെയ്യുന്ന ഓരോന്നും ആത്മാവിനെ അനുസരിച്ചോ അല്ലെങ്കിൽ പാപപ്രകൃതിയെ അനുസരിച്ചോ ചെയ്യാൻ നമുക്കാവും. സാങ്കേതികവിദ്യകൾ നാം ഉപയോഗിക്കുന്നതു നോക്കുമ്പോൾ ഏതു രീതിയാണ് കൂടുതൽ പ്രകടമായത്?

### എബ്രായർ 12:1–3

- നമ്മുടെ ആത്മീയഓട്ടത്തെ തകർക്കുന്ന പാപങ്ങളെക്കുറിച്ചല്ല പകരം നമ്മെ ഭാരപ്പെടുത്തുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചാണ് പൗലോസ് ഇവിടെ സംസാരിക്കുന്നത്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം നമുക്ക് ഒരു തടസ്സമാകുന്നുണ്ടോ? ഇക്കാര്യങ്ങൾ പരിഗണിക്കുക:
  - ഒരുദിവസം ശരാശരി എത്രസമയം ഞാൻ ഫോണിലോ സോഷ്യൽമീഡിയയിലോ ചിലവഴിക്കുന്നുണ്ട്?
  - നിങ്ങളുടെ നായകരോ മാതാപിതാക്കളോ കാണാതെ മറച്ചുവയ്ക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നിങ്ങളുടെ മീഡിയപേജുകളിൽ ഉണ്ടോ?
  - മറ്റുള്ളവരുമായി മുഖാമുഖം സമ്പർക്കത്തിലാകുന്നതിലും കൂടുതൽ സോഷ്യൽ മീഡിയയിൽ ആയിരിക്കാനാണോ നിങ്ങൾ താത്പര്യപ്പെടുന്നത്?
  - നിങ്ങൾ സെർച്ചുചെയ്യുന്ന കാര്യങ്ങൾ നിങ്ങളെ വളർത്തുന്നവയാണോ അതോ തടസ്സപ്പെടുത്തുന്നവയാണോ?
- യേശുവിൽ ദൃഷ്ടി ഉറപ്പിക്കുമ്പോൾ ഈ തടസ്സങ്ങളെ നിങ്ങൾ എപ്രകാരം കൈകാര്യം ചെയ്യും?

## പ്രായോഗികാഹ്വാനം:

- നിങ്ങളുടെ ഫോണിൽനിന്നോ സോഷ്യൽമീഡിയയിൽ നിന്നോ വെളിയിൽ കളയേണ്ട കാര്യങ്ങൾ എന്തെങ്കിലുമുണ്ടോ എന്നു പരിശോധിക്കുക (സുഹൃദ്ബന്ധമോ, ചിത്രങ്ങളോ, വീഡിയോയോ, സന്ദേശങ്ങളോ, ചിലപ്പോൾ അക്കൗണ്ട്തന്നെയോ)? ഇന്നുതന്നെ അതു ചെയ്യുക. യേശുവിൽ ദൃഷ്ടി ഉറപ്പിക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 6. ദൈവത്തിലുള്ള സ്വാതന്ത്ര്യം

ഗലാത്യർ 5:1, യോഹന്നാൻ 8:31-32, റോമാക്കാർ 6:15-18

**മനഃപാഠമാക്കേണ്ട വചനം:** ഗലാത്യർ 5:1 *സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു. അതുകൊണ്ട് അതിൽ ഉറച്ചു നില്ക്കുവിൻ. അടിമനുകത്തിൽ വീണ്ടും അകപ്പെട്ടുപോകരുത്.*

**പാഠസംഗ്രഹം:** ലോകപ്രകാരമുള്ള സ്വാതന്ത്ര്യമെന്നത് തോന്നുന്നതെന്തും ചെയ്യാനുള്ള ഒഴികഴിവാണ്. എന്നാൽ ദൈവത്തിൽനിന്നുമുള്ള സ്വാതന്ത്ര്യം കുറ്റബോധത്തിൽനിന്നും ആകുലതകളിൽനിന്നും കയ്പിൽനിന്നും ഭയത്തിൽനിന്നുമൊക്കെയുള്ള വിടുതലാണ്. ജീവിതം പൂർണ്ണമായ ഒരു അർത്ഥത്തിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യം. കാരാഗൃഹത്തിൽ ബന്ധനത്തിലായപ്പോൾ പോലും ദൈവത്തിൽ ആനന്ദിച്ച ഒരു ജീവിതത്തിലൂടെ പൗലോസ് നമുക്കു മാതൃക കാണിക്കുന്നു. ദൈവത്തിൽ നിന്നും പൗലോസിനെ അകറ്റിക്കൊണ്ടുപോകാൻ ഒരു ഫരിസേയനോ പടയാളിക്കോ കഴിഞ്ഞില്ല. ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാണെന്ന് ഫിലിപ്പിയർ 1:21ൽ പൗലോസ് എഴുതിവച്ചിരിക്കുന്നു. തന്നെ കൊല്ലുവാൻ തുനിയുന്നവൻ പോലും തനിക്കു ചെയ്യുന്നത് ഒരു ഉപകാരമാണെന്നാണ് പൗലോസ് പരിഗണിച്ചത്. മരണഭയം അവനിനില്ലായിരുന്നു, അതിനാൽ മരണത്തിന് അവനെ തടയാനായില്ല. കാരണം സ്വർഗ്ഗത്തിലേക്കാണു തന്റെ യാത്രയെന്ന് പൗലോസിന് അറിയാമായിരുന്നു. ഭയമോ കുറ്റബോധമോ അവനിൽ ഉണ്ടായതുമില്ല. ഒരു നിയമവും എതിരുനില്ക്കാത്ത, ദൈവത്തെമാത്രം പ്രീതിപ്പെടുത്തുന്ന ഒരു ജീവിതമാണ് പൗലോസിന് ഈ സ്വാതന്ത്ര്യം നേടിക്കൊടുത്തത്. (ഗലാത്യർ 5:22)

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

യോഹന്നാൻ 8:31-36
- നമ്മെ അടിമകൾ ആക്കുന്നത് എന്താണെന്നാണ് യേശു പറയുന്നത്?
- എന്താണ് അവർക്കു സ്വാതന്ത്ര്യം നല്കാൻ പോകുന്നതെന്ന് തന്നെ കേട്ട യഹൂദരോട് യേശു ചൂണ്ടിക്കാണിച്ചു. എന്താണത്? എപ്രകാരമാണ് അതുനമ്മെ സ്വതന്ത്രമാക്കുന്നത്?
- തന്നെ കേട്ട യഹൂദർ സ്വതന്ത്രരാകണമെന്ന് യേശു ആഗ്രഹിച്ചു, നമ്മെക്കുറിച്ചും യേശു അതുതന്നെ ആഗ്രഹിക്കുന്നു. അതിനായിട്ടാണ് നമ്മെ വിളിച്ചിരിക്കുന്നതും. എന്താണു നമ്മെ ശിഷ്യത്വത്തിലേക്കു നയിക്കുന്നത്? എങ്ങനെയാണ് അതു നമ്മെ സ്വതന്ത്രമാക്കുന്നത്?

റോമാക്കാർ 6:15-18
- സഭ കൃപയ്ക്കു കീഴിലാണെന്ന് പൗലോസ് പഠിപ്പിക്കുന്നു. നിങ്ങളെ സംബന്ധിച്ച് കൃപയുടെ അർത്ഥം എന്താണ്? കൃപയും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധമെന്താണ്?
- അവർ തങ്ങളെ സ്വയം അടിമപ്പെടുത്തണമെന്ന് പൗലോസ് പിന്നീടു പറഞ്ഞു. നീതിക്കായി നാം നമ്മെ അടിമപ്പെടുത്തുന്നതും പാപത്തിനായി അടിമപ്പെടുത്തുന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്?
- പാപത്തിലുള്ള അടിമത്തം നമ്മെ എന്തിലേക്കാണു നയിക്കുന്നത്?
- നീതിയെക്കുറിച്ചു സംസാരിക്കുമ്പോൾ പൗലോസ് അടിമത്തമെന്ന വാക്ക് ഉപയോഗിക്കുന്നത് എന്തുകൊണ്ടായിരിക്കും?
- പാപത്തിന്റെ അടിമയായാൽ നമ്മുടെ അവകാശങ്ങൾ എടുത്തുമാറ്റപ്പെടും. എന്നാൽ നീതിക്കായി അടിമപ്പെടുന്നത് നമ്മുടെ സ്വന്തം തീരുമാനമാണ്. ഇതേക്കുറിച്ചു നിങ്ങൾക്ക് എന്തു തോന്നുന്നു?

ഗലാത്യർ 5:1
- നിങ്ങളെ ഭാരപ്പെടുത്തുന്ന പാപം എന്താണ്?
- ഇതിൽനിന്നും നിങ്ങളെ മോചിപ്പിക്കാൻ കഴിയുന്നത് ആർക്കുമാത്രമാണ്? നിങ്ങളെ സംബന്ധിച്ച് ഇതിന്റെ അർത്ഥം എന്താണ്?

## പ്രായോഗികാഹ്വാനം:
- നിങ്ങൾ സ്വന്ത്രനായി കാണാൻ ആഗ്രഹിക്കുന്ന കാര്യം എഴുതുക. നിങ്ങളുടെ ആത്മീയ പിതാക്കന്മാരോട് ഇക്കാര്യം പങ്കുവയ്ക്കുക, യേശുവിന്റെ സഹായം എപ്രകാരം എടുക്കാൻ കഴിയും എന്ന് ആരായുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 7. മാതാപിതാക്കളോടുള്ള ബഹുമാനം

എഫേസ്യർ 6:1–4, സദൃശവാക്യങ്ങൾ 1:8

**മനഃപാഠമാക്കേണ്ട വചനം:** കൊലോസ്യർ 3:20 *മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ, അതു കർത്താവിനു പ്രസാദമല്ലോ.*

**പാഠസംഗ്രഹം:** മാതാപിതാക്കളെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ വേണ്ടിയാണ് ഈ പാഠഭാഗം തയ്യാറാക്കിയിരിക്കുന്നത്. ഈ വചനങ്ങളിലൂടെ ദൈവത്തിന്റെ മനോഭാവം നമുക്കു മനസ്സിലാക്കാൻ കഴിയും.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

എഫേസ്യർ 6:1–4
- ഈ കല്പനയുടെ പ്രാധാന്യം എത്രമാത്രമാണെന്നാണ് നിങ്ങൾ കരുതുന്നത്? എന്തുകൊണ്ടാണ് ഇതാണുശരിയെന്നു പറയുന്നത്?
- ഒരാളോടുള്ള ആദരവ് എപ്രകാരമൊക്കെയാണ് നമുക്കു പ്രദർശിപ്പിക്കാൻ സാധിക്കുന്നത്? നമ്മുടെ മാതാപിതാക്കളെ സംബന്ധിച്ച് ഇതെപ്രകാരം പ്രകടിപ്പിക്കാൻ സാധിക്കും?
- വാഗ്ദാനത്തോടുകൂടിയ ഒരു കല്പനയാണിതെന്നാണ് പൗലോസ് പറയുന്നത് - എന്താണ് ഈ വാഗ്ദാനം? മാതാപിതാക്കളോടുള്ള ആദരവ് ഈ വാഗ്ദാനത്തെ എപ്രകാരം നിറവേറ്റുന്നു?
- മാതാപിതാക്കളെ അനുസരിക്കാതെ നടക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ എന്തൊക്കെയാണ് സംഭവിക്കാറുള്ളത്? നിങ്ങൾ എന്തൊക്കെ വികാരങ്ങളിലൂടെയാണ് കടന്നുപോകാറുള്ളത്?
- മക്കളെ പ്രകോപിപ്പിക്കരുതെന്നഭാഗം ഈ വചനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്തുകൊണ്ടായിരിക്കും?
- കർത്താവിന്റെ ശിക്ഷണത്തിലും നിർദ്ദേശത്തിലും മാതാപിതാക്കൾ (വേറെ ആളുകളല്ലാതെ) മക്കളെ വളർത്തണമെന്ന് ഉപദേശിക്കുന്നത് എന്തുകൊണ്ടായിരിക്കും?

പുറപ്പാട് 21:17
- ഈ ശിക്ഷ വളരെ കൂടുതലായിപ്പോയി എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? എന്തുകൊണ്ട്?
- മാതാപിതാക്കളെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യം നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ? വിശദാംശങ്ങൾ എന്തൊക്കെയാണ്?
- മോശ ഇവിടെ മുന്നോട്ടുവയ്ക്കുന്ന നീതിസാരമെന്താണ്?

## പ്രായോഗികാഹ്വാനം:
- മാതാപിതാക്കളോടുള്ള ആദരവുപ്രകടിപ്പിക്കാനായി ഒരു വഴികണ്ടെത്തുക - കാർഡ് എഴുതുകയോ മറ്റോ.
- അനുസരിക്കാനും ആദരിക്കാനുമുള്ള തീരുമാനമെടുത്തുകൊണ്ട് അവരുമായുള്ള ബന്ധം ശക്തിപ്പെടുത്തുക. (ഈ വെല്ലുവിളി ഇന്നത്തേക്കുവേണ്ടിമാത്രമുള്ളതല്ല, ജീവിതാവസാനം വരെ കാത്തുസൂക്ഷിക്കാനുള്ളതാണ്)
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 8. വിനയം

ഫിലിപ്പിയർ 2:3-4, സദൃശവാക്യങ്ങൾ 11:2, 1 പത്രോസ് 5:5-6

**മനഃപാഠമാക്കേണ്ട വചനം:** യാക്കോബ് 4:10 *ദൈവസന്നിധിയിൽ നിങ്ങളെത്തന്നെ താഴ്ത്തുവിൻ; എന്നാൽ അവിടുന്ന് നിങ്ങളെ ഉയർത്തും.*

**പാഠസംഗ്രഹം:** യേശുവിന് അനുരൂപമായി ജീവിക്കണമെങ്കിൽ നമ്മുടെ ചിന്തയിലും സംസാരത്തിലും പ്രവർത്തിയിലും നാം എളിമപ്പെടേണ്ടതുണ്ട്. അനുഗ്രഹവും കൃപയും നമ്മിൽ നിരന്തരം ചൊരിയുന്ന ഒരുവനാണു ദൈവം. നാമും അവനെപ്പോലെ എളിമപ്പെടേണ്ടതുണ്ട്, അഹങ്കാരികൾ ആകാതെ. അവനെ മഹത്വപ്പെടുത്തിയുള്ള ഒരു ജീവിതത്തിനു തടസ്സമായി നമ്മുടെ ജീവിതത്തിലേക്ക് അഹങ്കാരം കടന്നുവരാതെ നാം നോക്കേണ്ടതുണ്ട്.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

### ചിന്തകളിൽ ഉള്ള വിനയം:

ഫിലിപ്പിയർ 2:3-4

- നമ്മെക്കാൾ മികച്ചവരായി മറ്റുള്ളവരെ പരിഗണിക്കണമെന്ന് പൗലോസ് ആവശ്യപ്പെടുന്നു. നിങ്ങൾ ഇപ്രകാരമുള്ള ഒരാളാണോ? എന്തുകൊണ്ട്?
- നമ്മുടെ ചിന്തകളിൽ നമുക്കെപ്രകാരം എളിമപ്പെടാനാകും?

### വാക്കുകളിൽ ഉള്ള വിനയം:

സദൃശവാക്യങ്ങൾ 11:2

- നമ്മുടെ സംസാരം അഹങ്കാരം നിറഞ്ഞതാകുന്ന വഴികൾ എന്തൊക്കെയാണ്?
- സംസാരത്തിൽ നാം എളിമയുള്ളവരാകണമെന്ന് വചനം അനുശാസിക്കുന്നതെന്തുകൊണ്ടാണ്?
- ഇന്നത്തെ നിങ്ങളുടെ സംസാരത്തിൽ എപ്രകാരം വിനയമുള്ളവരാകാം?

### പ്രവർത്തികളിൽ ഉള്ള വിനയം:

1 പത്രോസ് 5:5-6

- വിശ്വാസത്തിൽമുതിർന്നവർക്കു കീഴ്വഴങ്ങി ജീവിക്കണമെന്ന് പത്രോസ് ആഹ്വാനം ചെയ്യുന്നു. ആരാണ് വിശ്വാസത്തിൽ മുതിർന്നവർ, അവർക്കു കീഴ്വഴങ്ങുന്നത് എപ്രകാരമൊക്കെയാണ്?
- കീഴ്വഴക്കമുള്ള ജീവിതം നയിക്കേണ്ടതിന് വിനയത്തിന് എത്രമാത്രം പ്രസക്തി ഉണ്ട്?
- താഴ്മ ധരിക്കുക എന്നുവച്ചാൽ എന്താണ് അർത്ഥം?
- ഏതൊക്കെ രീതിയിലാണ് നിങ്ങൾ യേശുവിനെ അനുകരിക്കാൻ പോകുന്നത്? മറ്റുള്ളവരുടെ താത്പര്യങ്ങളും ആവശ്യങ്ങളും നിറവേറ്റാൻ എത്രമാത്രം നിങ്ങൾക്കു കഴിയും?

### പ്രായോഗികാഹ്വാനം:

- മാതാപിതാക്കൾ നിങ്ങളിൽ നിന്നും പ്രതീക്ഷിക്കാത്ത എന്തെങ്കിലും ഒരു കാര്യം വീട്ടിൽ ചെയ്യുക.
- തിരിച്ചൊന്നും പ്രതീക്ഷിക്കാതെ അഞ്ചുപേരെയെങ്കിലും പ്രോത്സാഹിപ്പിക്കുക.
- നിങ്ങളുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തികളിലും വിനയമുള്ളവരായി വളരുവാൻ ദൈവത്തോടു യാചിക്കുക.

തീയതി:

# 9. ഹൃദയപരമാർത്ഥത

എഫേസ്യർ 4:25, ഉല്പത്തി 39

**മനഃപാഠമാക്കേണ്ട വചനം:** സങ്കീർത്തനം 25:21 *സത്യസന്ധതയും നീതിനിഷ്ഠയും എന്നെ സംരക്ഷിക്കട്ടെ; എന്റെ പ്രത്യാശ അങ്ങയിൽ ആകുന്നുവല്ലോ.*

**പാഠസംഗ്രഹം:** സത്യത്തിനുമുന്നിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാതിരിക്കുന്ന ഒരു സ്വഭാവഗുണമാണ് ഹൃദയപരമാർത്ഥത അല്ലങ്കിൽ സത്യസന്ധത. നിങ്ങൾ ജീവിക്കുന്നതു ദൈവത്തോടൊപ്പമാണ് എന്നു തെളിയിക്കുന്ന നല്ല ഒരു വഴിയാണ് പരമാർത്ഥത.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

എഫേസ്യർ 4:25

- നിങ്ങളുടെ സത്യസന്ധതയില്ലായ്മ മറ്റുള്ളവരെ എപ്രകാരം ബാധിക്കുന്നു?
- നിങ്ങളുടെ ഒരു നുണ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കിയ വലിയകേടുപാടുകളെക്കുറിച്ചു ചിന്തിക്കുക. ഇത്തരം കാര്യങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ നിങ്ങൾക്ക് എന്തു ചെയ്യാൻ സാധിക്കും?
- സത്യം സംസാരിക്കുന്നതും ഹൃദയ പരമാർത്ഥതയും തമ്മിലുള്ള ബന്ധം എന്താണ്?
- നാമെല്ലാം ഒരു ശരീരത്തിന്റെ ഭാഗമായതിനാൽ സത്യം സംസാരിക്കുന്നവരാകണമെന്ന് പൗലോസ് കല്പിക്കുന്നു. അവനവനെക്കുറിച്ചു മാത്രം ചിന്തിക്കാതെ മുഴുവൻ ആളുകളെക്കുറിച്ചും ചിന്തിക്കുന്നതാണ് പരമാർത്ഥത. ഇതുപോലുള്ള ആത്മാർത്ഥ ആരെങ്കിലും കാണിച്ചത് നിങ്ങൾ കണ്ടിട്ടുണ്ടോ?

ഉൽപ്പത്തി 39

- തന്റെ സകലവീട്ടുകാര്യങ്ങളിലും മേലന്വേഷകനായി ജോസഫിനെ നിയമിക്കാൻ പൊത്തിഫറിനെ സഹായിക്കുന്ന വിധത്തിൽ അവൻ പരമാർത്ഥിയായിരുന്നു. എങ്ങനെയായിരിക്കും പൊത്തിഫറിൽ ഇത്രമാത്രം സുരക്ഷിതബോധം ഉണ്ടായത്?
- പൊത്തിഫറുടെ ഭാര്യയിൽനിന്നും ഒരു പ്രലോഭനമുണ്ടായപ്പോൾ അതിനെ ചെറുത്തു നില്ക്കുകയും ആ സാഹചര്യം വിട്ട് അവൻ ഓടിപ്പോകുകയും ചെയ്തു. ഒരു സാഹചര്യത്തിൽ നിന്നും അകന്നുപോകണമെന്ന തീരുമാനമെടുക്കാൻ നിങ്ങളെ സഹായിക്കുന്നത് എന്തൊക്കെയായിരിക്കും? ശരിയല്ലാത്ത ഒരു കാര്യം ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുമ്പോൾ അതിനെ ചെറുത്തു നില്ക്കാൻ എപ്രകാരം കഴിയും?
- പാപം ചെയ്യുന്നത് നീതി പ്രവർത്തിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടേറിയത് എന്തുകൊണ്ടാണ്? സഹപാഠികളിൽനിന്നോ സഹപ്രവർത്തകരിൽ നിന്നോ സമ്മർദ്ദമുണ്ടാകുമ്പോൾ നമുക്കെപ്രകാരം പരമാർത്ഥത കാണിക്കാൻ കഴിയും?

## പ്രായോഗികാഹ്വാനം:

- എന്തെങ്കിലും കാര്യത്തിൽ നിങ്ങൾ സത്യസന്ധത പുലർത്താതിരുന്നിട്ടുണ്ടെങ്കിൽ വേണ്ടപ്പെട്ടവരോടു ക്ഷമ ചോദിക്കാനുള്ള ഒരു സമയം ഇന്നുതന്നെ കണ്ടെത്തുക.
- സത്യസന്ധമായ ഒരു ജീവിതം നയിക്കുന്നതിൽ നിന്നും നിങ്ങളെ തടസ്സപ്പെടുത്തുന്ന എന്തൊക്കെ കാര്യങ്ങളിൽ നിന്നുമാണ് നിങ്ങൾ അകന്നുമാറേണ്ടത്? നിങ്ങളെ വഴിനടത്തുന്നവരോടോ മതാപിതാക്കളോടോ ഇക്കാര്യം സംസാരിക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 10. മറ്റുള്ളവരോടുള്ള സ്നേഹം

1 യോഹന്നാൻ 4:7–11, 19–21, യോഹന്നാൻ 13:1–15, 1 കൊരിന്ത്യർ 13:5,8, ഏശയ്യ 54:10

**മനഃപാഠമാക്കേണ്ട വചനം:** യോഹന്നാൻ 13:34 *ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു; നിങ്ങൾ അന്യോന്യം സ്നേഹിക്കണം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം.*

**പാഠസംഗ്രഹം:** സ്നേഹിക്കപ്പെടാനുള്ള ആഗ്രഹം എല്ലാവർക്കുമുണ്ട്, ദൈവത്തിനുപോലും. ആരെങ്കിലും തങ്ങളെ സ്വീകരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നെങ്കിൽ എന്നു തീക്ഷ്ണമായി ആശിക്കുന്ന അനേക ലക്ഷങ്ങളുണ്ട്, എല്ലാദിവസവും നാം ഇത്തരക്കാരെ കാണുന്നുമുണ്ട്. ചിലപ്പോൾ നമ്മുടെ കുടുംബത്തിൽ പോലും ഇത്തരത്തിലൊരാളെ കാണാനായേക്കും. വ്യവസ്ഥകളില്ലാതെ സ്നേഹിക്കുന്ന ഒരുവനിലേക്ക് അടുക്കുകയെന്നതു മാത്രമാണ് ഏകപോംവഴി. ശരീരംതകർക്കപ്പെട്ട്, രക്തം വാർന്ന്, അവൻ ഈ ലോകത്തെ എന്നന്നേക്കുമായി മാറ്റി. അവന്റെ സൃഷ്ടികളുടെ ഹൃദയത്തെ സ്പർശിക്കാനായി നമ്മുടെ ജീവിതം ഉഴിഞ്ഞുവയ്ക്കാൻ തീരുമാനമെടുക്കുമ്പോഴാണ് മറ്റുള്ളവരെ നമുക്കു സ്നേഹിക്കാൻ കഴിയുക. തന്റെ വചനത്തിലൂടെ യേശു ഇതു നമ്മെ പഠിപ്പിക്കുന്നു.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

## പരാജയപ്പെടാത്ത സ്നേഹം:

### ഏശയ്യാ 54:10

- ഇളക്കം തട്ടുന്ന കുന്നുകളും മലകളും നിങ്ങളുടെ ജീവിതത്തിൽ ഏവയാണ്?
- ദൈവം പറയുന്നു നമ്മോടുള്ള തന്റെ സ്നേഹം ഇളക്കം തട്ടാത്തതാണെന്ന്. ഈ വാക്യത്തിന് നിങ്ങളുടെ ജീവിതത്തിൽ ഉള്ള അർത്ഥം എന്താണ്?

### യോഹന്നാൻ 13:1–15

- വാ 1. നമ്മോടുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കാൻ യേശു കഠിനാധ്വാനം ചെയ്തു. എന്തുകൊണ്ട്?
- വാ 13–14. സ്വർഗ്ഗത്തിൽ വസിക്കേണ്ടതിനു പകരം മനുഷ്യരുടെ പാദങ്ങൾ കഴുകാൻ നമ്മുടെ കർത്താവു തയ്യാറായി. നമുക്കുവേണ്ടി അവൻ സ്വർഗ്ഗം ഉപേക്ഷിച്ചു. മറ്റുള്ളവരെ സ്നേഹിക്കുന്നതിൽനിന്നും നമ്മെ പിടിച്ചുവയ്ക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? യേശു ഇപ്രകാരമൊക്കെ തന്റെ ശിഷ്യന്മാരെ സ്നേഹിച്ചിരിക്കെ, നമ്മെ സംബന്ധിച്ച് ഇതിന്റെയൊക്കെ അർത്ഥം എന്താണ്?

## അവന്റെ കല്പന ഇതാണ്:

### 1 യോഹന്നാൻ 4:7–11, 19–21

- എന്തുകൊണ്ടാണ് നാം മറ്റുള്ളവരെ സ്നേഹിക്കണമെന്ന് ദൈവവചനം ആവശ്യപ്പെടുന്നത്? നാലുകാരണങ്ങളെങ്കിലും എഴുതുക.
- വാ 21. കല്പന എന്ന വാക്കിന്റെ അർത്ഥമെന്താണ്? യേശു സ്നേഹം ഒരു കല്പനയാക്കിയത് എന്തുകൊണ്ടായിരിക്കും?

## നിലനില്ക്കുന്ന സ്നേഹം:

### 1 കൊരിന്ത്യർ 13:5, 8

- വാ 5. സ്നേഹം സ്വാർത്ഥമല്ല എന്നതിന്റെ അർത്ഥമെന്താണ്? മറ്റുള്ളവരോടു നിങ്ങൾക്ക് ഇപ്പോഴുള്ള സ്നേഹത്തെ പരിശോധിക്കുക, അതു വചനപ്രകാരമുള്ളതാണോ അതോ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടിയുള്ളതാണോ? ഇക്കാര്യത്തിൽ മറ്റുള്ളവർ നിങ്ങളെ വിലയിരുത്തുന്നത് എപ്രകാരമായിരിക്കും?
- വാ 8. സ്നേഹം ഉപേക്ഷവരുത്തുന്നില്ല. ആരെങ്കിലും നിങ്ങളെ ഉപേക്ഷിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻ നിങ്ങൾക്കു കഴിയില്ല. മറ്റുള്ളവരുടെ കാര്യത്തിൽ ഉപേക്ഷവരുത്തുവാൻ കഴിയുന്നത് എപ്രകാരമൊക്കെയാണ്? മറ്റുള്ളവരോടുള്ള സ്നേഹത്തിൽ ഒരിക്കലും ഉപേക്ഷവരുത്താതിരിക്കുന്നതിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്? നിങ്ങളുടെമേലുള്ള ദൈവസ്നേഹം ഒരിക്കലും മായുന്നില്ല (ഏശയ്യ 54:10)

## പ്രായോഗികാഹ്വാനം:

- മറ്റുള്ളവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുക, മറ്റുള്ളവരുടെ പാദം കഴുകുക എന്നതൊക്കെ എളുപ്പമുള്ള കാര്യങ്ങളല്ല. എന്നാൽ നമ്മുടെ സ്നേഹം പ്രകടിപ്പിക്കാനുള്ള വഴികളാണിവ (യോഹന്നാൻ 13:1). നിങ്ങൾക്കു മറ്റുള്ളവരോടുള്ള സ്നേഹം പങ്കുവയ്ക്കുവാനുള്ള ഒരു വഴിയെക്കുറിച്ച് ഇന്നു ചിന്തിക്കുക - ചെറിയകാര്യങ്ങളാണ് വലിയ സ്വാധീനമുണ്ടാക്കുന്നത്.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 11. പുൽത്തൊട്ടിലിലെ അത്ഭുതം

ലൂക്കോസ് 1:26-38, 2:1-20, മത്തായി 1:18-25

**മനഃപാഠമാക്കേണ്ട വചനം:** ലൂക്കോസ് 1:37 *ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ.*

**പാഠസംഗ്രഹം:** തങ്ങൾ ജീവിച്ചിരുന്ന സാഹചര്യങ്ങളിൽനിന്നും വ്യത്യസ്തമായി വിശ്വാസത്തിൽ ഉറച്ചുനിന്ന മറിയത്തെക്കുറിച്ചും ജോസഫിനെക്കുറിച്ചും ദൈവത്തിനുള്ള പദ്ധതി ഇവിടെ വിവരിക്കുന്നു. ദൈവത്തിനോടും പരസ്പരവും വിശ്വസ്തത പുലർത്തി അവർ ജീവിച്ചു. വിവാഹിതയല്ലാത്ത സ്ത്രീയെ ഗർഭിണിയായി കാണപ്പെട്ടാൽ വധിക്കപ്പെടണമെന്നാണ് അന്നത്തെ രീതി. വധിക്കപ്പെട്ടേക്കാമെന്ന ഭീഷണിക്കുമുമ്പിലും ലോകത്തെ മാറ്റംവരുത്തുന്ന ദൈവപുത്രന്റെ ജനനത്തെ അവർ ഏറ്റെടുത്തു.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

- ദൈവപുത്രനു ജന്മം നല്കുവാൻ പോകുന്നത് മറിയമാണെന്ന് ദൂതൻ അവളെ അറിയിച്ചപ്പോൾ മറിയത്തിന്റെ ഉള്ളിൽകൂടി കടന്നുപോയ ചിന്തകൾ എന്തെല്ലാമായിരിക്കും?

- കളങ്കപ്പെടാതെ മറിയം ഗർഭവതിയാകുന്നതിനെക്കുറിച്ച് ജോസഫും സംശയിച്ചു (മത്തായി 1:9-20). മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചെങ്കിലും കർത്താവിന്റെ ദൂതൻ പറഞ്ഞതനുസരിച്ച് അവളെ ഭാര്യയായി സ്വീകരിച്ചു. നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലുമൊക്കെ സംശയങ്ങൾ ഉണ്ടായിട്ടുണ്ടോ? ലൂക്കോസ് 1:37 വായിക്കുക.

- ദൈവത്തിനു മറിയത്തോടു പ്രീതി തോന്നി എന്ന് ഗബ്രിയേൽ ദൂതൻ അവളോടു പറഞ്ഞു. എന്തുകൊണ്ടായിരിക്കും ഇത്? ദൈവപ്രീതി നേടാനുള്ള വഴികൾ ഏവയെന്ന് എഴുതിവയ്ക്കുക.

- ഒരു കന്യകയിൽ നിന്നും യേശുപിറക്കുമെന്ന് പൂർവ്വകാലത്ത് എഴുതിവച്ചിരുന്നു, അതുപോലെ സംഭവിക്കുകയും ചെയ്തു. നിങ്ങൾ ചോദിച്ചപ്രകാരം ദൈവം പ്രവർത്തിച്ച ഏതെങ്കിലും അവസരമുണ്ടായിട്ടുണ്ടോ? അസാധ്യമെന്നു നിങ്ങൾക്കു തോന്നു കാര്യങ്ങൾ എന്തൊക്കെയാണ്?

## പ്രായോഗികാഹ്വാനം:

- അസാധ്യമാണെന്ന് ഇന്നുവരെ വിചാരിച്ചിരുന്ന എന്തെങ്കിലും കാര്യത്തിൽ ദൈവം പ്രവർത്തിക്കാനായി ഇന്നുമുതൽ പ്രാർത്ഥിച്ചു തുടങ്ങുക, അതു സാദ്ധ്യമാകുന്നതു വരെ.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 12. സ്ഥിരപ്രയത്നം

യാക്കോബ് 1:2-4, ഉല്പത്തി 32:22-30

**മനഃപാഠമാക്കേണ്ട വചനം:** യാക്കോബ് 1:4 *നിങ്ങൾ ഒന്നിലും കുറവില്ലാതെ പക്വതയും പൂർണ്ണതയും ഉള്ളവരാകേണ്ടതിനു സഹിഷ്ണുത അതിന്റെ പൂർണ്ണഫലം പുറപ്പെടുവിക്കട്ടെ.*

**പാഠസംഗ്രഹം:** ദൈവവുമായുള്ള ബന്ധത്തിൽ സ്ഥിരപ്രയത്നത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. സ്ഥിരപ്രയത്നം കൂടാതെ ദൈവവുമായും മറ്റുള്ളവരുമായും ആഴത്തിലുള്ള ബന്ധങ്ങൾ സ്ഥാപിക്കാൻ സാധ്യമാവില്ല.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

യാക്കോബ് 1:2-4

- സ്ഥിരോത്സാഹമുള്ളവരാകണം നാമെന്നു ദൈവം ആവശ്യപ്പെടുന്നത് എന്തുകൊണ്ടായിരിക്കും? ഇതിന്റെ പ്രാധാന്യമെന്താണ്?
- സ്ഥിരോത്സാഹത്തിന്റെ പ്രവർത്തിവഴികൾ ഏതൊക്കെയാണെന്നാണ് വചനം പറയുന്നത്? എന്തുകൊണ്ടാണ് സഹനം ഇതിന്റെ ഒരു ഭാഗമാകുന്നത്?
- സ്ഥിരോത്സാഹം നമ്മെ നയിക്കുന്നത് എന്തു ഗുണത്തിലേക്കാണ്? എങ്ങനെയാണ് ഇതു സംഭവിക്കുന്നത്?
- നിങ്ങളുടെ ജീവിതത്തിൽ ഇപ്പോൾ സ്ഥിരോത്സാഹം വേണ്ട പ്രധാന മേഖല ഏതാണ്? എന്താണ് അതിന്റെ വിശദാംശങ്ങൾ?

ഉൽപ്പത്തി 32:22-30

- എന്തിനുവേണ്ടിയാണ് യാക്കോബ് സ്ഥിരോത്സാഹിയായത്? എപ്രകാരമാണ് അവൻ അതു ചെയ്തത്?
- വലിയ ഒരു ലക്ഷ്യം നമ്മുടെ ജീവിതത്തിൽ ഉള്ളപ്പോൾ നാം സ്ഥിരപ്രയത്നം ചെയ്യാൻ കഠിനാധ്വാനം ചെയ്യും. നിങ്ങളുടെ ജീവിതത്തിൽ ഇതുപോലെ കഠിനമായി യത്നിക്കുന്നവിധത്തിലുള്ള ഒരു ജീവിതലക്ഷ്യമുണ്ടോ?
- ഈ ആഴ്ചയിൽ എന്തൊക്കെ പാപങ്ങൾക്ക് എതിരെയാണ് നിങ്ങൾ പൊരുതുന്നത്? സ്ഥിരോത്സാഹത്തോടെ പൊരുതാൻ എന്തൊക്കെ സഹായകമാകും?
- നേരം വെളുക്കുന്നതുവരെ യാക്കോബ് വിട്ടുകൊടുക്കാതെ പൊരുതി. നിങ്ങളുടെ ജീവിതത്തിലെ പ്രയാസങ്ങൾ മറികടക്കാൻ നിങ്ങൾ എത്രമാത്രം പൊരുതും?

## പ്രായോഗികാഹ്വാനം:

- നിങ്ങൾ കടന്നുപോകുന്ന പാപകരമായ കാര്യങ്ങളിൽ - കോപം, അശുദ്ധി, വൈകാരികത, പരദൂഷണം മുതലായവ - ദൈവവചനമുപയോഗിച്ച് മറികടക്കാനായി ദൈവവുമായി മല്പിടുത്തം നടത്തുക. ആ വിഷയങ്ങളിൽ ദൈവവചനം എന്തുപറയുന്നു എന്നു പരിശോധിച്ചു പഠിക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 13. പ്രാർത്ഥന

ലൂക്കോസ് 11:1-2, സങ്കീർത്തനം 63:1-8

**മനഃപാഠമാക്കേണ്ട വചനം:** സങ്കീർത്തനം 100:4 *അവിടുത്തെ വാതിലുകളിൽ സ്തോത്ര ത്തോടും അവിടുത്തെ പ്രാകാരങ്ങളിൽ സ്തുതികളോടും കൂടെ പ്രവേശിക്കുവിൻ; അവിടു ത്തേക്ക് സ്തോത്രമർപ്പിച്ച് തിരുനാമം വാഴ്ത്തുവിൻ.*

**പാഠസംഗ്രഹം:** ദൈവത്തിന്റെ അടുത്തേക്കു പോയി അവനുമായി സംസാരിക്കുന്നതാണ് പ്രാർത്ഥന. എന്നാൽ എന്തെങ്കിലും ഒരു ആവശ്യം ഉള്ളപ്പോൾ മാത്രം നമ്മെ വിളിക്കുന്ന ഒരു സുഹൃത്തിനെ ഓർമ്മി പ്പിക്കുന്ന വിധത്തിലാണ് പലപ്പോഴും നമ്മുടെ പ്രാർത്ഥന. പരീക്ഷസമയം വരുമ്പോൾ നമുക്ക് നിരവധി ആവശ്യങ്ങൾ വരും ആ സമയത്തു നാം ദൈവത്തെ വിളിക്കും. ആവശ്യങ്ങൾമാത്രം പറയുന്ന ഒരു സമ യമല്ല പ്രാർത്ഥന, പകരം അതു ദൈവത്തെ ഓർക്കാനും സ്തുതിക്കാനും ദൈവത്തിന്റെ ശക്തിയുടെ വിപുലത ഓർക്കാനും നിരവധിയായ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം തരുന്ന ദൈവത്തിനുമുന്നിൽ കൃതജ്ഞത പ്രകടിപ്പിക്കാനുമുള്ള ഒരു സമയമാണ്.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

ലൂക്കോസ് 11:1-2

- ദൈവത്തെ സ്തുതിച്ചുകൊണ്ട് തന്റെ പ്രാർത്ഥന യേശു തുടങ്ങിയത് എന്തുകൊണ്ടായിരിക്കും?
- ദൈവത്തെ സ്തുതിക്കുവാൻ നാം മറന്നുപോകുന്നത് എന്തൊക്കെ കാരണങ്ങളാലാണ്?

സങ്കീർത്തനം 63:1-8

- തന്റെ ആത്മാവു ദൈവത്തിനായി വാഞ്ചിക്കുന്നുവെന്ന് ദാവീദ് പറയുന്നു. എപ്പോഴാണ് നമ്മുടെ ആത്മാവു ദൈവത്തിനായി വാഞ്ചിക്കുന്നത്?
- എന്തൊക്കെ കാര്യങ്ങൾക്കുവേണ്ടിയാണ് ദാവീദ് ദൈവത്തെ സ്തുതിക്കുന്നത്?
- ദാവീദ് ഈ സങ്കീർത്തനമെഴുതുന്നത് ഒരു മരുഭൂമിയിൽ വച്ചാണ്. അസഹനീയമായ ചൂടും ദുർല ഭ്യമായ വെള്ളവുമെല്ലാം മരുഭൂമിയുടെ ലക്ഷണങ്ങളാണ്. ഇത്തരം ഒരു സാഹചര്യത്തിലൂടെയാണ് നിങ്ങൾ കടന്നുപോകുന്നതെങ്കിൽ ദാവീദ് ചെയ്തതുപോലെ ദൈവത്തെ സ്തുതിക്കുകയാ കുമോ നിങ്ങൾ ചെയ്യുന്നത്? എന്തുകൊണ്ട്? ഇതുപോലുള്ള സാഹചര്യത്തിലും ദൈവത്തിന ടുത്തേക്കുപോകാൻ ദാവീദിനു കഴിഞ്ഞതെന്തുകൊണ്ടാണ്?
- ദൈവത്തെപ്പറ്റിയുള്ള എന്തൊക്കെ കാര്യങ്ങളാണ് നിങ്ങളെ അതിശയിപ്പിക്കുന്നത്?

## പ്രായോഗികാഹ്വാനം:

- ദൈവത്തെ സ്തുതിക്കുവാനായി ഇന്നു നിങ്ങൾ അരമണിക്കൂറെങ്കിലും ചിലവഴിക്കുക. വേറെ ഒന്നും ആവശ്യപ്പെടേണ്ട, സ്തുതിക്കുക മാത്രം മതി. സ്തുതിക്കുവാനുള്ള ആശയങ്ങൾക്കായി ചുറ്റും നോക്കുക.

തീയതി:

# 14. പരിശുദ്ധി

1 കൊരിന്ത്യർ 6:18–20, 1 തെസ്സലോനിക്യർ 4:3–8

**മനഃപാഠമാക്കേണ്ട വചനം:** 1 തെസ്സലോനിക്യർ 4:7 *ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധിക്കത്രേ വിളിച്ചിരിക്കുന്നത്.*

**പാഠസംഗ്രഹം:** അശുദ്ധിയിൽ ജീവിക്കുമ്പോൾ നാം ഓർക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നു വച്ചാൽ - നാം ജീവിക്കുവാൻ വേണ്ടി തന്റെ പുത്രനെ കുരിശിൽ ഏൽപ്പിച്ചുകൊടുത്ത ദൈവത്തെ നാം ത്യജിക്കുകയാണ്, യാതൊരുവ്യവസ്ഥകളുമില്ലാതെ നമ്മെ സ്നേഹിക്കുന്ന ദൈവത്തെ നാം തള്ളിക്കളയുകയാണ്. നമ്മെക്കുറിച്ച് ദൈവത്തിന് അനേകം പദ്ധതികൾ ഉണ്ട്. എന്നാൽ അതു നമ്മിൽ നിറവേറണമെങ്കിൽ യേശു ജീവിച്ചതുപോലെ ശുദ്ധതയിൽ തികഞ്ഞ ഒരു ജീവിതം നാം നയിക്കേണ്ടതുണ്ട്. നമ്മുടെ ശരീരത്തിലും ആഗ്രഹങ്ങളിലും ഒരു കടിഞ്ഞാൺ നാം ഏർപ്പെടുത്തേണ്ടതുണ്ട്.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

1 കൊരിന്ത്യർ 6:18–20

- അശുദ്ധിയിൽ തുടരുമ്പോൾ നാം നമ്മുടെ ശരീരത്തിനെതിരെയാണ് പാപം ചെയ്യുന്നത് (വാ 18), എല്ലാ മാലിന്യങ്ങളിൽ നിന്നും നാം ശരീരത്തെ സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യമെന്താണ്?
- സഭയിലേക്കു നാം ആരാധനയ്ക്കായി പോകുമ്പോൾ നമ്മുടെ ശരീരത്തെ വൃത്തിയായി സൂക്ഷിക്കുകയും ശരിയായ വിധത്തിൽ വസ്ത്രം ധരിക്കുകയും സുഗന്ധം പൂശുകയും ശരിയായവിധത്തിൽ പെരുമാറുകയും മറ്റും ചെയ്യണം, മറ്റുള്ളവരുടെ ആരാധനയിൽ നാം ഒരു ഇടർച്ചയാകാത്ത വിധത്തിൽ.
- നമ്മുടെ ശരീരം ദൈവത്തിന്റെ ക്ഷേത്രമാണെന്നാണ് പൗലോസ് പറയുന്നത്. ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത് എന്തിനുവേണ്ടിയാണ്? എന്തുകൊണ്ടാണ് ആളുകൾ ക്ഷേത്രങ്ങളെ ബഹുമാനിക്കുന്നത്?
- ദൈവം വസിക്കുന്ന ആലയമാണ് നമ്മുടെ ശരീരമെങ്കിൽ ആ ആലയത്തെ അവഹേളിക്കുന്ന വിധത്തിൽ നാം പെരുമാറുന്നത് എപ്രകാരമെല്ലാമാണ്?
- നിങ്ങൾ കാണുകയും കേൾക്കുകയും ഇടപെടുകയും ചെയ്യുന്ന ഏതൊക്കെ കാര്യങ്ങളിൽ എന്നന്നേക്കുമായി മാറ്റം വരുത്തി നിങ്ങൾക്ക് ദൈവത്തിനായി ശുദ്ധത കാത്തുസൂക്ഷിക്കാം?
- മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെന്ന് അവരെ ദൈവത്തിലേക്ക് അടുപ്പിക്കാൻ ശ്രമിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ എപ്രകാരം ഒരു തടസ്സമായി നിലകൊള്ളും?
- എന്തുവില കൊടുത്തതിനെക്കുറിച്ചാണ് ഇരുപതാം വാക്യം സംസാരിക്കുന്നത്?

1 തെസ്സലോനിക്യർ 4:3–8

- ശുദ്ധീകരണം എന്ന വാക്കിനെക്കുറിച്ചു പരിശോധിക്കുക (വാ 3), നാം ഇപ്രകാരമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണ്?
- വാ 5. വിശുദ്ധിയിലും മാനത്തിലും എന്തൊക്കെ രീതിയിലുള്ള നിയന്ത്രണങ്ങളാണ് നിങ്ങളുടെ ജീവിതത്തിൽ കൊണ്ടുവരേണ്ടത്?
- വാ 7. വിശുദ്ധമായ ഒരു ജീവിതം നയിക്കുന്നതിൽ അശുദ്ധി ഏതൊക്കെവിധത്തിൽ തടസ്സമാകും?
- അശുദ്ധിയിൽ ജീവിക്കുന്നത് ദൈവത്തെ നിരാകരിക്കുന്നതിനു തുല്യമാണ് എന്നു നിങ്ങളെ ബോധ്യപ്പെടുത്താനും, ദൈവത്തെ പ്രീതിപ്പെടുത്തി ജീവിക്കാനും നമ്മെ ഓർമ്മിപ്പിക്കാൻ സഹായകമായ പ്രവർത്തികൾ എന്തൊക്കെയാണ്?

## പ്രായോഗികാഹ്വാനം:

- അശുദ്ധവും ദൈവാലയത്തിനു ചേരാത്തതുമായ കാര്യങ്ങൾ നിങ്ങളുടെ ജീവിത്തിൽ ഉണ്ടെങ്കിൽ ഇന്നുതന്നെ അവ ഉപേക്ഷിക്കുക. നിങ്ങളുടെ ആലയത്തെ ശുദ്ധീകരിക്കാനുള്ള സഹായം നായകരിൽനിന്നും സ്വീകരിക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക.

തീയതി:

# 15. ഒന്നാമത് ദൈവം

മത്തായി 6:31-33, മത്തായി 6:19-21, സദൃശവാക്യങ്ങൾ 3:6, യാക്കോബ് 4:4-7

**മനഃപാഠമാക്കേണ്ട വചനം:** സദൃശവാക്യങ്ങൾ 3:6 *നിന്റെ എല്ലാ വഴികളിലും അവിടുത്തെ അംഗീകരിക്കുക; അവിടുന്ന് നിന്റെ പാതകളെ നേരേയാക്കും.*

**പാഠസംഗ്രഹം:** നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർണ്ണമായി മനസ്സിലാക്കുന്ന ഒരാളാണ് ദൈവം. നല്ല ഒരു ബന്ധത്തിൽ നമ്മോടൊപ്പം കഴിയണമെന്ന് ദൈവം ആഗ്രഹിക്കുകയും ചെയ്യുന്നു. ദൈവത്തിനു നമുക്കായുള്ള പദ്ധതികൾ വെളിവാക്കപ്പെടേണ്ടതിന് അവന് നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം നല്കുകയും വേണം.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

മത്തായി 6:31-33
- ആദ്യം ദൈവത്തെ അന്വേഷിക്കുമ്പോൾ എന്തു സംഭവിക്കുമെന്നാണ് ഈ വചനം പറയുന്നത്?
- ആദ്യസ്ഥാനം ദൈവത്തിനു നല്കുമ്പോൾ ഏതു തരത്തിലുള്ള ജീവിതമായിരിക്കും നമുക്കുണ്ടാവുക?
- നിങ്ങൾ ദൈവരാജ്യം അന്വേഷിക്കുന്നവരാണോ? ഏതൊക്കെ രീതിയിൽ? (ഉദാഹരണങ്ങൾ എഴുതുക). ഏതൊക്കെവിധത്തിലാണ് ദൈവരാജ്യത്തെ വിലമതിക്കാതെ ജീവിക്കുന്നത് എന്നും എഴുതുക.

മത്തായി 6:19-21
- എന്തുതരത്തലുള്ള നിക്ഷേപങ്ങളാണ് നിങ്ങൾ ശേഖരിച്ചുവയ്ക്കുന്നത്? ഭൂമിയിലുള്ളതാണോ അതോ സ്വർഗ്ഗത്തിനു യോഗ്യമായതാണോ?
- നിങ്ങളുടെ ഹൃദയം എവിടെയാണെന്നാണ് നിങ്ങൾക്കു പറയുവാൻ കഴിയുക? നിങ്ങളുടെ ആഗ്രഹങ്ങളും നിങ്ങൾ വിലമതിപ്പുള്ളതായി കരുതുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണ്?

സദൃശവാക്യങ്ങൾ 3:6
- ഏതൊക്കെ രീതിയിലാണ് നിങ്ങൾ ദൈവത്തെ അന്വേഷിക്കുന്നത്?
- ഇപ്പോഴുള്ള നിങ്ങളുടെ പ്രവർത്തികളും ചിന്താരീതികളും നിങ്ങളെ എവിടേക്കു നയിക്കുന്നവയാണ്?
- ഏതുവഴികളിൽക്കൂടി നിങ്ങളെ നയിക്കണമെന്നാകും ദൈവം ആഗ്രഹിക്കുന്നത്? ദൈവപാതയിൽ നാം ആയിരിക്കുമ്പോൾ നമുക്കു പ്രതീക്ഷിക്കാവുന്ന കാര്യങ്ങൾ എന്തൊക്കെയായിരിക്കും?

യാക്കോബ് 4:4-7
- നിങ്ങളുടെ അഭിപ്രായത്തിൽ, ഏതുതരത്തിലുള്ള ഒരു സ്നേഹിതനാണുനിങ്ങൾ?
- ഒന്നുകിൽ ലോകം അല്ലെങ്കിൽ ദൈവം എന്ന് യാക്കോബ് പറയാൻ കാരണമെന്താണ്? രണ്ടും കൂടി ഒത്തുപോകാത്തത് എന്തുകൊണ്ട്?
- ആരുടെ ഭാഗത്തുനില്ക്കുവാനാണ് ഇതുവരെ നിങ്ങൾ മുതിർന്നിട്ടുള്ളത്? എന്തുകൊണ്ട്?
- ഈ ലോകത്തെ (സാത്താനെ) എപ്രകാരം നമുക്കു ചെറുത്തുനിൽക്കാനാകും?

## പ്രായോഗികാഹ്വാനം:
- നിങ്ങൾ ടിവി കാണാനോ, ഫോണിൽ/കമ്പ്യൂട്ടറിൽ കളിക്കാനോ, മറ്റോ ഒരുങ്ങുന്നതിനുമുമ്പ് ഒരു സഹപാഠിയെ വിളിച്ച് ദൈവത്തെക്കുറിച്ചു സംസാരിക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക.

തീയതി:

# 16. സാത്താനെതിരായ ചെറുത്തുനില്പ്

റോമാക്കാർ 7:14-25, 1 പത്രോസ് 5:8-11

**മനഃപാഠമാക്കേണ്ട വചനം:** 1 പത്രോസ് 5:8 *ആത്മനിയന്ത്രണം ഉള്ളവരായിരിപ്പിൻ. ജാഗ്രത പുലർത്തുവിൻ, നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണം എന്നു തിരഞ്ഞുകൊണ്ടു ചുറ്റി നടക്കുന്നു.*

**പാഠസംഗ്രഹം:** സാത്താൻ നിരന്തരമായി നമ്മെ വേട്ടയാടുകയും പ്രലോഭിപ്പിക്കുകയും ആക്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ദൈവശക്തിയാൽ നമുക്ക് സാത്താനെതിരായ സംരക്ഷണമുള്ളവരാകാൻ കഴിയും. സാത്താനെ പരാജയപ്പെടുത്തി ശക്തരായിരിക്കാനും നന്മചെയ്യാൻ പഠിക്കാനും നമുക്കു കഴിയും.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

റോമാക്കാർ 7:14-25

- നാമെല്ലാവരും കടന്നുപോകുന്ന ആത്മീയ പോരാട്ടത്തെക്കുറിച്ചാണ് പൗലോസ് ഇവിടെ സംസാരിക്കുന്നത്. നിങ്ങളുടെ പാപത്താൽ കെണിയിൽ അകപ്പെട്ടതുപോലെ നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? എപ്രകാരമായിരുന്നു ആ അവസ്ഥ?
- തെറ്റാണു ചെയ്യുന്നത് എന്ന് അറിയാമായിരുന്നിട്ടും പാപം നമ്മെ കീഴടക്കാൻ ചിലപ്പോഴൊക്കെ നാം അനുവദിച്ചുകൊടുക്കുന്നത് എന്തുകൊണ്ടാണ്?
- നമ്മുടെ ഉള്ളിൽ വസിക്കുന്ന ഒരു ഇത്തിക്കണ്ണി ആണെന്നാണ് പാപത്തെക്കുറിച്ച് പൗലോസ് വിവരിക്കുന്നത്. നമുക്ക് അതിനെ ഇഷ്ടമല്ല, വെറുപ്പാണുള്ളത്, എന്നിരുന്നാലും അതിനെ ദൂരെ ക്കളയാൻ നമുക്കു കഴിയുന്നുമില്ല. നമ്മുടെ പാപപ്രകൃതിയെ സ്വയമായി ഉപേക്ഷിക്കാൻ നമുക്കു കഴിയാത്തത് എന്തുകൊണ്ടാണ്?
- വാ 21. നന്മചെയ്യാൻ ആഗ്രഹിക്കുന്ന സമയത്തുപോലും പാപം കൂടെയുണ്ടെന്ന് പൗലോസ് തിരിച്ചറിയുന്നു. നിങ്ങൾക്ക് ഇപ്രകാരം തോന്നിയിട്ടുള്ള സമയം എപ്പോഴാണ്?
- വാ 25. ഈ പോരാട്ടത്തിന്റെ അന്ത്യം കുറിക്കുവാനുള്ള പരമമായ ഉപാധി ഏതാണ്? ഇപ്രകാരമല്ലാതെ നിങ്ങൾ പാപത്തിനെതിരെ പോരാടാൻ ശ്രമിച്ചിട്ടുണ്ടോ?

1 പത്രോസ് 5:8-11

- സിംഹം ഇരതേടുന്നത് എപ്രകാരമാണ്? അലറുന്ന സിംഹത്തോടു സാത്താനെ ഉപമിക്കുന്നത് എന്തുകൊണ്ടൊക്കെയായിരിക്കാം?
- ഉണർവ്വോടും പക്വമായ ഒരു മനസ്സോടും കൂടെയിരിക്കാൻ വചനം നമ്മോട് ആവശ്യപ്പെടുന്നു. എന്താണ് ഇതിന്റെ അർത്ഥം? സാത്താനിൽനിന്നും സുരക്ഷിതരായിരിക്കാൻ നാം ഇപ്രകാരമായിരിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്?
- വാ 9. അവനെ ചെറുക്കുക എന്ന് എഴുതിയിരിക്കുന്നു. എപ്രകാരമാണ് നാം സാത്താനെ ചെറുക്കുന്നത്? നിങ്ങളുടെ വ്യക്തിപരമായ പോരാട്ടങ്ങളിൽ സാത്താനെ ചെറുത്തുനിൽക്കാൻ എപ്രകാരം കഴിയും?
- വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ നിങ്ങൾക്കു കഴിയുന്ന വഴികൾ ഏതൊക്കെയാണ്?

## പ്രായോഗികാഹ്വാനം:

- ഈ വചനം മനഃപാഠമാക്കുക, നിങ്ങളുടെ വ്യക്തിപരമായ പോരാട്ടങ്ങളിൽ നിങ്ങളെ സഹായിക്കുന്ന മറ്റുവചനങ്ങളും മനഃപാഠമാക്കുക. ഉറച്ചുനില്ക്കുക. ഇക്കാര്യത്തിൽ വിജയിക്കാൻ കഴിയുന്നില്ലെങ്കിൽ സഹായം തേടുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക.

തീയതി:

# 17. ദൈവത്തിലുള്ള സുരക്ഷിതത്വം

ന്യായാധിപർ 6:1-16, യോശുവ 23:14

**മനഃപാഠമാക്കേണ്ട വചനം:** യോശുവ 23:14 *...നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു നല്കിയ വാഗ്ദാനങ്ങളിൽ ഒന്നുപോലും പരാജയപ്പെട്ടിട്ടില്ല എന്നു നിങ്ങൾക്കു പൂർണ്ണമായും അറിയാമല്ലോ. സകല വാഗ്ദാനവും നിറവേറി; ഒന്നിനും വീഴ്ച വന്നിട്ടില്ല.*

**പാഠസംഗ്രഹം:** അടിമത്തത്തിൽ നിന്നും മോചിപ്പിച്ച ശേഷം ഇസ്രായേൽ ജനം പാപകരമായ ഒരു ജീവിതമാണു നയിച്ചുകൊണ്ടിരുന്നത്. മിദിയാൻ ദേശക്കാരാൽ ഏഴുവർഷം അടിമപ്പെടാൻ ദൈവം അവരെ ഇടയാക്കി. അവസാനം ഇസ്രായേൽ മക്കൾ തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കി അവർ സഹായത്തിനായി ദൈവത്തിലേക്കു തിരിഞ്ഞപ്പോൾ ഗിദെയോനിലൂടെ ദൈവം ഒരിക്കൽക്കൂടി അവരെ സഹായിക്കാൻ തയ്യാറായി.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

യോശുവ 23:2-6
- അനുദിനമുള്ള നമ്മുടെ ജീവിതത്തിൽ നമ്മെ കഷ്ടപ്പെടുത്തുന്ന ചിലകാര്യങ്ങൾ എന്തെല്ലാമാണ്?
- നമ്മെ ഭാരപ്പെടുത്തുന്ന കാര്യങ്ങൾ വിട്ടുകളയാൻ നമുക്കു കഴിയാതെ വരുന്നത് എന്തുകൊണ്ടാണ്?
- നമ്മുടെ ജീവിതത്തിലെ മിദിയാൻകാർ എന്തെല്ലാമാണ്?

യോശുവ 23:13-16
- ദൈവത്തെ ചോദ്യം ചെയ്യാൻ നാം ഒരുങ്ങുന്ന സാഹചര്യങ്ങൾ ഏതെല്ലാമാണ്?
- ദൈവത്തെ ചോദ്യം ചെയ്യുന്ന ഒരു മനോഭാവത്തിന്റെ അടിസ്ഥാന കാരണമെന്താണ്?
- ഗിദെയോനെ ദൈവം പ്രചോദിപ്പിച്ച വഴികൾ എന്തൊക്കെയാണ്? ഇന്നു ദൈവം നിങ്ങളെ പ്രചോദിപ്പിക്കുന്ന വഴികൾ ഏതൊക്കെയാണ്?
- നമ്മുടെ ജീവിതത്തിൽ ദൈവം തരുന്ന മറ്റുവാഗ്ദാനങ്ങൾ ഏതൊക്കെയാണ്?

**ഗിദെയോന്റെ സ്വഭാവസവിശേഷതകൾ:** സവിശേഷമായ കാര്യങ്ങളൊന്നും അവനില്ലായിരുന്നു. ഗോതമ്പുമെതിക്കാരനായ ഒരു സാധാരണക്കാരനായിരുന്ന ഗിദെയോനെ ദൈവം ഉപയോഗിച്ചു, തന്റെ ജനത്തെ രക്ഷിച്ചു. ദൈവം അവന്റെ കൂടെയുണ്ടാകുമെന്നും അവനെ വിജയിയാക്കുമെന്നും വാഗ്ദാനം ചെയ്തു. ഇങ്ങനെയെല്ലാമായിട്ടും ഗിദെയോൻ ദൈവത്തിന്റെ വാക്കുകളിൽ ഉറപ്പില്ലാത്തവനും ഭയവും അപകർഷതയുമുള്ളവനുമായിരുന്നു. അവൻ ചെറുതും ബലമില്ലാത്തവനും ആണെന്ന കാര്യം ദൈവത്തോടുപങ്കുവച്ചു, അടയാളത്തിനായി ദൈവത്തെ പരീക്ഷിക്കുകപോലും ചെയ്തു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസം വന്നപ്പോൾ അവൻ ആത്മധൈര്യമുള്ളവനും ഭയത്തെ മറികടന്നവനുമായിത്തീർന്നു. ദൈവത്തിനായി ചെയ്യാവുന്ന കാര്യങ്ങളിൽ നാം ഭയമുള്ളവരായിരിക്കാം. എന്നിരുന്നാലും ദൈവത്തിലും അവന്റെ വാഗ്ദാനങ്ങളിലും നമുക്കു സുരക്ഷിതത്വമുള്ളവരാകാം, കാരണം അവൻ നമ്മോടുകൂടെയുണ്ട്.

## പ്രായോഗികാഹ്വാനം:
- ദൈവത്തിൽ ആശ്രയിക്കാൻ നിങ്ങൾക്കു കഴിയാതെയുള്ള ചില കാര്യങ്ങൾ എഴുതിവയ്ക്കുക, അവയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ സമയം കണ്ടെത്തുകയും ചെയ്യുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക.

തീയതി:

# 18. ദൈവത്തിന്റെ ആലയം

1 കൊരിന്ത്യർ 6:12-20

**മനഃപാഠമാക്കേണ്ട വചനം:** റോമാക്കാർ 12:1 *ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം മൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ; ഇതത്രേ നിങ്ങളുടെ ആത്മീയാരാധന.*

**പാഠസംഗ്രഹം:** നല്ല ഒരു ജീവിതം നയിക്കുന്നതിന് ആരോഗ്യകരമായ ഒരു ശരീരം അത്യന്താപേക്ഷിതമാണ്. ആരോഗ്യവാനാകുക എന്നതിന്റെ ശരിയായ മനോഭാവത്തിലേക്കു നമുക്കു വരാം. നിങ്ങളുടെ ശരീരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ദൈവം എന്താണു പറയുന്നത് എന്നു നോക്കാം.

### ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

1. എന്റെ ശരീരത്തെ ശരിയായിപരിരക്ഷിക്കാൻ ദൈവം ആവശ്യപ്പെടുന്നു:

   1 കൊരിന്ത്യർ 6:12
   - നിങ്ങളുടെ ശരീരം ദൈവത്തിന്റെ സമ്മാനമാണ്. ദൈവം അതുനിങ്ങൾക്കു നല്കിയിരിക്കുന്നത് അതു നന്നായി നോക്കിനടത്താൻ വേണ്ടിയാണ്.
   - ദൈവത്തിനു നിങ്ങളെക്കുറിച്ച് അഭിമാനം തോന്നുന്ന വിധത്തിൽ നിങ്ങളുടെ ശരീരത്തെ നിങ്ങൾ പരിപാലിക്കുന്ന വഴികൾ എന്തൊക്കെയാണ്?
   - മാറ്റം വരുത്തണമെന്ന് നിങ്ങൾക്കു തോന്നുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
2. എന്റെ ശരീരം ദൈവത്തിന്റേതാണ്:

   1 കൊരിന്ത്യർ 6:13
   - നമ്മുടെ ശരീരം നമുക്കിഷ്ടമുള്ള രീതിയിൽ ഉപയോഗിക്കാം എന്നാണ് നമ്മുടെ സമൂഹം നമ്മെ പഠിപ്പിക്കുന്നത്. അയോഗ്യമായ രീതിയിൽ നമുക്കു തോന്നുന്ന വിധം നമ്മുടെ ശരീരം ഉപയോഗിക്കാൻ പാടില്ലെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.
   - ചുറ്റുമുള്ള സമൂഹം നമ്മെ പഠിപ്പിക്കുന്ന രീതിക്കെതിരായി ശരിയായ രീതിയിൽ നിങ്ങളുടെ ശരീരം ഉപയോഗിക്കാൻ ഏതൊക്കെ വിധത്തിൽ പൊരുതാൻ കഴിയും?
3. എന്റെ ശരീരം യേശുവിന്റെ ശരീരവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു:

   1 കൊരിന്ത്യർ 6:15
   - നിങ്ങളുടെ ശരീരത്തെ ദൈവത്തിന്റേതുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ ശരീരത്തിനെതിരെ ചെയ്യുന്ന പാപങ്ങളെ പ്രധാനപ്പെട്ട രീതിയിൽ തന്നെയാണ് ദൈവം പരിഗണിക്കുന്നത്.
   - നമ്മുടെ പാപം മറ്റുള്ളവരെകൂടി ബാധിക്കുന്നു എന്നതിനാൽ, ക്രിസ്തുവിന്റെ ശരീരത്തെ ബാധിക്കുന്ന ഒരു പാപത്തിൽ മാറ്റം വരുത്താനായി ഈ ആഴ്ചയിൽ ശ്രദ്ധകേന്ദ്രീകരിക്കുക.
4. എന്റെ ശരീരത്തിൽ പരിശുദ്ധാത്മാവു വസിക്കുന്നു:

   1 കൊരിന്ത്യർ 6:19
   - നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. നിങ്ങളുടെ ശരീരത്തെ ശരിയായി നിങ്ങൾ പരിപാലിച്ചില്ലെങ്കിൽ ദൈവത്തിന്റെ ആലയത്തെയാണ് നിങ്ങൾ ദുരുപയോഗം ചെയ്യുന്നത്.
   - നിങ്ങളുടെ ശരീരത്തെ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള ചില കാര്യങ്ങൾ ഏതൊക്കെയാണ്?
5. കുരിശുമരണത്തിലൂടെ എന്റെ ശരീരത്തെ യേശു വിലകൊടുത്തു വാങ്ങിച്ചു:

   1 കൊരിന്ത്യർ 6:20
   - നിങ്ങളുടെ ശരീരത്തിന്റെ വില എത്രയാണെന്നറിയാൻ കുരിശിലേക്കു നോക്കിയാൽ മതി. യേശു പറയുന്നു അത് വിലമതിക്കാനാവാത്തതാണ് എന്ന്.
   - അമൂല്യമായ എന്തെങ്കിലും നമുക്കു സ്വന്തമായുണ്ടെങ്കിൽ നമ്മുടെ ജീവനെക്കൊടുത്തും നാം അതു സംരക്ഷിക്കും.
   - അനുദിന ജീവിതത്തിൽ നിങ്ങളെത്തന്നെ എപ്രകാരം നിങ്ങൾ സംരക്ഷിക്കും? എന്തുകൊണ്ട്?

### പ്രായോഗികാഹ്വാനം:

- നിങ്ങളുടെ ഭക്ഷണകാര്യത്തിൽ വരുത്തേണ്ടമാറ്റങ്ങൾ എന്തൊക്കെയാണ്?
- ഏതൊക്കെ രീതിയിൽ ശരീരത്തെ ബലപ്പെടുത്താൻ കഴിയും?
- ഒരു പുരോഗതിയുണ്ടാക്കാൻ ആരിൽനിന്ന് നിങ്ങൾക്കു സഹായം തേടാൻ കഴിയും?
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 19. യഥാർത്ഥ സുഹൃദ്ബന്ധങ്ങൾ

എബ്രായർ 10:24-25, ഫിലിപ്പിയർ 2:3-7, കൊലോസ്യർ 3:13

**മനഃപാഠമാക്കേണ്ട വചനം:** യോഹന്നാൻ 15:13 *സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിലും വലുതായ സ്നേഹം ആർക്കും ഇല്ല.*

**പാഠസംഗ്രഹം:** ആഴത്തിലുള്ള ഒരു ബന്ധമില്ലാത്ത ഉപരിപ്ലവമായ ഒരു കാര്യമായി സുഹൃദ്ബന്ധങ്ങൾ ശോഷിച്ചുവന്നുകൊണ്ടിരിക്കുന്നു. പുറം കാഴ്ചയും ഉപയോഗവും നോക്കിമാത്രം സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുന്ന ആളുകളുടെ എണ്ണവും വർദ്ധിച്ചു വരുന്നു. ഒരു യഥാർത്ഥ സുഹൃത്തിന്റെ ഉത്തമ മാതൃക യേശു നമുക്കു കാണിച്ചു തരുന്നു - ക്ഷമയും എളിമയും സ്നേഹവും കാണിച്ചും പ്രോത്സാഹനം നല്കിയുമെല്ലാം. യേശുവിന്റെ കാലടികൾ പിന്തുടർന്നാൽ മാത്രമേ നമുക്കു നല്ല സുഹൃദ്ബന്ധങ്ങൾ വളർത്താൻ കഴിയുകയുള്ളൂ.

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

### 1. യഥാർത്ഥ സുഹൃത്തുക്കൾ പരസ്പരം പ്രോത്സാഹിപ്പിക്കുന്നു:

എബ്രായർ 10:24-25

- സ്നേഹവും പ്രോത്സാഹനവും വേണ്ട ഒരു സുഹൃത്ത് ആരെന്നു ആലോചിക്കുക, അവരോടുള്ള നിങ്ങളുടെ കരുതൽ എപ്രകാരം പങ്കുവയ്ക്കാനാകും?
- മറ്റുള്ളവരുമായി പ്രയോജനപ്രദമായ സമയങ്ങൾ ചിലവഴിച്ചില്ലെങ്കിൽ നമ്മുടെ കൂട്ടായ്മക്ക് എന്തു സംഭവിക്കും (വാ 25)?
- നമ്മുടെ ജീവിതത്തിൽ പുരോഗതി ഉണ്ടാകാൻ വേണ്ടി നല്ല സുഹൃത്തുക്കൾ നല്ലവണ്ണം ശ്രമിക്കുന്നു. നിങ്ങൾക്കു മാറ്റം വരുത്താൻ ബുദ്ധിമുട്ടുതോന്നുന്ന കാര്യങ്ങളിൽ സുഹൃത്തുക്കളുടെ സഹായം തേടുന്നുണ്ടോ? എന്തുകൊണ്ട?

### 2. യഥാർത്ഥ സുഹൃത്തുക്കൾ എളിമയുള്ളവരാണ്:

ഫിലിപ്പിയർ 2:3-7

- നമ്മുടെ താത്പര്യം മാത്രമല്ലാതെ നമ്മുടെ സുഹൃത്തുക്കളുടെ താത്പര്യവും കൂടി നാം പരിഗണിക്കുമ്പോൾ നമ്മുടെ സുഹൃദ്ബന്ധങ്ങൾ എപ്രകാരമുള്ളതാകും?
- എളിമയുള്ള ഒരു മനസ്സു നമുക്കുണ്ടാകണമെന്ന് ദൈവം ഉപദേശിക്കുന്നത് എന്തുകൊണ്ടാണ്?
- ദൈവവുമായുള്ള ബന്ധത്തിൽ യേശു സ്വയം എളിമപ്പെടുത്തി - വാ 7. നമുക്ക് അനുകരിക്കാൻ പറ്റുന്ന മൂന്ന് ഉദാഹരണങ്ങൾ എഴുതുക.

### 3. യഥാർത്ഥ സുഹൃത്തുക്കൾ പരസ്പരം ക്ഷമിക്കുന്നു:

കൊലോസ്യർ 3:13

- നിങ്ങളോടു തെറ്റു ചെയ്ത ഒരു സുഹൃത്തിനോടു ക്ഷമിക്കുന്നതിൽനിന്നും നിങ്ങളെ തടഞ്ഞു നിർത്തുന്ന കാര്യങ്ങൾ എന്തൊക്കെയായിരിക്കും?
- നമ്മുടെ പാപപ്രകൃതിയെ അനുസരിച്ചുകൊണ്ട് ദൈവത്തിനെതിരെ നിരന്തരം പാപം ചെയ്തിട്ടും ദൈവം നമ്മോടു പൊറുക്കാൻ തയ്യാറാകുന്നു. നമ്മോടുള്ള ബന്ധത്തിൽ ഉപേക്ഷ വരുത്താൻ ദൈവം തയ്യാറാകുന്നുമില്ല - നല്ല കാര്യങ്ങൾ പിന്നീടുണ്ടാകുമെന്ന് ദൈവത്തിനറിയാമെന്നതിനാൽ. വിഷമകരമായ സാഹചര്യത്തിൽ പോലും നിങ്ങളുടെ സുഹൃത്തിനോടു പൊറുക്കാൻ ഈ ഉദാഹരണം നിങ്ങളെ എപ്രകാരം സഹായിക്കും?
- യഥാർത്ഥ സുഹൃദ്ബന്ധത്തിൽ പരസ്പരം ക്ഷമിക്കുക എന്നത് പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമായത് എന്തുകൊണ്ട്? പരസ്പരം ക്ഷമിച്ചില്ലെങ്കിൽ എന്തൊക്കെയായിരിക്കും ഉദയം ചെയ്തു വരുന്നത്?

## പ്രായോഗികാഹ്വാനം:

- കൂട്ടായ്മയിൽ കാര്യമായി അടുപ്പമില്ലാത്ത ഒരാളുമായി നല്ല ഒരു സമയം ചിലവഴിക്കാനും പുതുതായി ഒരു സുഹൃദ്ബന്ധം സ്ഥാപിക്കാനും പദ്ധതിയുണ്ടാക്കുക.
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക

തീയതി:

# 20. വായിൽ നിന്നു പുറപ്പെടുന്നത്

1 ശമുവേൽ 25:1-35, യാക്കോബ് 1:19-27

**മനഃപാഠമാക്കേണ്ട വചനം:** എഫേസ്യർ 4:29 *കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്, ആത്മീകവർദ്ധനയ്ക്കു സഹായകമായ നല്ല വാക്കുകളല്ലാതെ അരുതാത്തതൊന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്.*

**പാഠസംഗ്രഹം:** നമ്മുടെ വാക്കുകൾ ശരിയായ രീതിയിൽ ഉപയോഗിച്ച് നാം ആയിരിക്കുന്ന വിഷമകരമായ സാഹചര്യത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും വലിയ ഒരു സ്വാധീനവും മാറ്റവും സൃഷ്ടിക്കാം എന്നുള്ളതിന് പഴയനിയമത്തിൽ നിന്നുമുള്ള ഒരു ഉത്തമ ദൃഷ്ടാന്തമാണ് അബിഗേൽ. അവൾ ഒരു ഒരു വിഷമവൃത്തത്തിൽ അകപ്പെട്ടുപോയിരുന്നു. പലകാര്യങ്ങളും ആലോചിച്ചുകൂട്ടാൻ അവളുടെ സാഹചര്യം ഇടയാക്കുമായിരുന്നു. അവളുടെ വാക്കുകളാണ് ആ സാഹചര്യങ്ങളെ മാറ്റിയത് എന്നുള്ളതിന് ദാവീദിന്റെ വാക്കുകൾ തന്നെയാണ് സാക്ഷ്യം.

നാം സംസാരിക്കേണ്ടത് എപ്രകാരമാണെന്നും വാക്കുകൾ ഉപയോഗിക്കേണ്ടത് എപ്രകാരമാണെന്നും നമ്മുടെ സംസാരത്തിൽ ദൈവവചനം ഉപയോഗിക്കേണ്ടത് എപ്രകാരമാണെന്നും യാക്കോബ് നമ്മെ പഠിപ്പിക്കുന്നു. 19-26 വചനങ്ങളിൽ നമ്മുടെ സംസാരത്തെക്കുറിച്ചും അതിനെത്തുടർന്ന് നമ്മുടെ സംസാരം സ്വാധീനമുണ്ടാക്കുന്ന മറ്റു മേഖലകളെക്കുറിച്ചും യാക്കോബ് സംസാരിക്കുന്നു.

നമ്മുടെ ചുറ്റുപാടും നാം ധാരാളം കാണുന്നതുപോലെ, നമ്മുടെ വാക്കുകൾക്ക് ചുറ്റുമുള്ളവരെയും സഹപാഠികളെയും സഹപ്രവർത്തകരെയും നശിപ്പിക്കാനും കേടുവരുത്താനും കഴിയും. എന്നാൽ ശരിയായ സംസാരം ദൈവത്തെ പ്രസാദിപ്പിക്കും (യാക്കോബ് 1:20), മറ്റുള്ളവരെ സഹായിക്കും (1 ശമുവേൽ 25), നമ്മുടെ മതം മൂല്യമുള്ളതാക്കും (യാക്കോബ് 1:26).

## ആത്മപരിശോധനയ്ക്കുള്ള ചോദ്യങ്ങൾ:

1 ശമുവേൽ 25:1-35

- വലിയ ബുദ്ധമുട്ടൊന്നും നേരിടാതെ അബിഗേലിനു ചെയ്യാൻ കഴിയുമായിരുന്നത് എന്തായിരുന്നു? ബുദ്ധിമുട്ടേറിയ ഒരു സാഹചര്യത്തിൽ നിങ്ങൾ ചെയ്യുമെന്നു തോന്നുന്നത് എന്താണ്?
- തന്റെ ദാസരോട് അബിഗേൽ പറഞ്ഞ വാക്കുകളും ദാവീദിനോട് അവൾ പറഞ്ഞവാക്കുകളും ആരെയൊക്കെ എങ്ങനെയൊക്കെ സഹായിച്ചു?
- എഫേസ്യർ 4:29, യാക്കോബ് 1:19-27 എന്നീ വചനങ്ങൾ അനുസരിക്കുന്നതിൽ അബിഗേൽ പ്രകടിപ്പിച്ച പ്രായോഗിക ഉദാഹരണം ചൂണ്ടിക്കാണിക്കുക.
- അബിഗേലിന്റെ വാക്കുകളെ ദാവീദ് എത്രപ്രാവശ്യം ചൂണ്ടിക്കാണിച്ചു? അവളുടെ വാക്കുകൾ എന്തു നന്മ ഉണ്ടാക്കി?
- അബിഗേലിന്റെ വാക്കുകളും പെരുമാറ്റവും മറ്റൊന്നായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?
- നിങ്ങളുടെ വാക്കുകൾ നിങ്ങളിലും മറ്റുള്ളവരിലും ഉണ്ടാക്കുന്ന പോസിറ്റീവും നെഗറ്റീവുമായ സ്വാധീനങ്ങൾ എന്തൊക്കെയാണ്?

യാക്കോബ് 1:19-27

- സംസാരിക്കുന്നതു കുറച്ചും കേൾക്കുന്നതു കൂടുതലും വേണമെന്നു പറയുന്നതിനൊപ്പം തന്നെ കോപത്തെക്കുറിച്ച് യാക്കോബ് സംസാരിക്കുന്നത് എന്തുകൊണ്ടായിരിക്കും?
- പത്തൊമ്പതാം വാക്യം അനുസരിക്കുന്നതിൽ നിങ്ങൾക്ക് ഏറ്റവും ബുദ്ധിമുട്ടു തോന്നുന്നത് എപ്പോഴൊക്കെയാണ്?
- കുതിരയെ നിയന്ത്രിക്കുകയും വഴിനടത്തുകയും ചെയ്യുന്ന ഒന്നാണ് കടിഞ്ഞാൺ. നിങ്ങളുടെ സംസാരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് നിങ്ങൾ എന്തു ചിന്തിക്കുന്നു?
- നിങ്ങളുടെ ഒരു ദിവസത്തെയോ ആഴ്ചയിലെയോ സംസാരംമുഴുവൻ ഒരാൾ കേട്ടുകൊണ്ടിരിക്കുന്നുവെങ്കിൽ അയാൾക്കു നിങ്ങളെക്കുറിച്ചുണ്ടാകുന്ന മതിപ്പ് എന്തായിരിക്കും?
- 22-ാം വാക്യം നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കാൻ കഴിയും?
- സംസാരത്തെക്കുറിച്ചു നമുക്കു നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പിൻതുടർന്നില്ലെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ എന്തൊക്കെയായിരിക്കും?

## പ്രായോഗികാഹ്വാനം:

- മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്ന വാക്കുകൾ അഞ്ചു പേരോടെങ്കിലും ഇന്നു സംസാരിക്കുക. (സോഷ്യൽമീഡിയയിലൂടെ അല്ല, നേരിട്ടോ അല്ലെങ്കിൽ ഫോൺവിളിച്ചോ സംസാരിക്കുക).
- ഇതുവരെ പ്രാർത്ഥിക്കാത്ത ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക.